കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പോരൂർ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ/എം.പി.എം5/2626/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം-മലപ്പുറം

മലപ്പുറം ജില്ല പിൻ -676505
ഫോൺ -0483 27249505
തീയ്യതി 06-12-2018

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

പോരൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : പോരൂർ ഗ്രാമപഞ്ചായത്ത് - 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്-

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in /esubmissionഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,മലപ്പുറം

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ മലപ്പുറം .

4)കാര്യാലയപകർപ്പ്

എം.എ.12/18

നം. കെ.എസ്.എ/ഏം.പി.എം5/2626/2018 തിയ്യതി:06-12-2018

മലപ്പുറം ജില്ലയിലെ പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക യിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 29.06.2017 മുതൽ 21.10.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് 29.06.2017 മുതൽ 21.10.2018 വരെ നടത്തിയ പണം പിൻവലിക്കൽ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എ.എസ്.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 22.10.2018 മുതൽ 01.11.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | ശ്രീ.നസ്സീർ.ടി.കെ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാമകൃഷ്ണൻ.ടി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.അമീൻ ഫൈസൽ | ഓഡിറ്റർ |
| | ശ്രീ. റഷീദ്.വി. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.അർച്ചന.എൻ.എസ് | 01.04.2017മുതൽ31.03.2018വരെ |
| സെക്രട്ടറി | ശ്രീ.ജിനചന്ദ്രൻ.എം | 01.04.2017മുതൽ 31.3.208വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എൻജിനിയർ | ശ്രീ.സേതുമാധവൻ.കെ | 01.04.2017മുതൽ29.6.2017വരെ |
| | ശ്രീ.രാജൻ .എം.ജി | 30.6.2017മുതൽ31.7.2017വരെ |
| | ശ്രീമതി.ഗ്രീഷ്മ.ജി | 01.08.2017മുതൽ31.03.2018വരെ |
| അസിസ്റ്റന്റ്സെക്രട്ടറി | ശ്രീ.ഷിബു.പി | 01.04.2017മുതൽ23.6.2017വരെ |
| | ശ്രീ.രാഘവൻ.പി | 24.6.2017മുതൽ31.3.2018വരെ |
| കൃഷി ഓഫീസർ | ശ്രീ.ഹംസ കരിക്കൾ | 01.04.2017മുതൽ31.3.2018വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.രാജൻ | 01.04.2017മുതൽ31.3.2018വരെ |
| ICDSസൂപ്പർവൈസർ | ശ്രീമതി.ജിഷ.പി | 01.04.2017മുതൽ31.3.2018വരെ |
| ഡി.എഫ്.ഐ | ശ്രീ.മുഹമ്മദാലി.എ | 01.04.2017മുതൽ31.3.2018വരെ |
| വി.ഇ.ഒ | ശ്രീമതി.ബിന്ദു.എ.ആർ | 01.04.2017മുതൽ31.3.2018വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.വിനയൻ.പി | 01.04.2017മുതൽ31.03.2018വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | ഡോ.ഉണ്ണികൃഷ്ണൻ | 01.04.2017മുതൽ31.03.2018വരെ |
| മെഡിക്കൽ ഓഫീസർ(ISM) | ഡോ.മുഹമ്മദ് സിജിൽ | 01.04.2017മുതൽ31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ ) | ഡോ.ഷമി | 01.04.2017മുതൽ31.03.2018വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ. | 1-12 |
| | ഭാഗം 2 | |
| 13 | ഇ ടെണ്ടർ – ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കിയിട്ടില്ല | 2-1 |
| 14 | മരം ലേലം - അപാകതകൾ. | 2-2 |
| 15 | രശീതി പുസ്തകങ്ങളുടെ ഉപയോഗത്തിലുള്ള അപാകതകൾ. | 2-3 |
| 16 | തനത് ഫണ്ട് അക്കൗണ്ടിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ - യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല. | 2-4 |
| | ഭാഗം 3 | |
| 17 | പദ്ധതി നിർവ്വഹണം -അവലോകനം | 3-1 |
| 18 | വിവിധ അങ്കണവാടികളിൽ പെയിന്റിംഗ് -അപാകതകൾ | 3-2 |
| 19 | വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം-അപാകതകൾ | 3-3 |

| | | |
|---|---|---|
| 20 | കലാകായിക വികസനം (യുവജന ക്ലബ്ബുകൾ വഴി) [103/2018] | 3-4 |
| 21 | ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല | 3-5 |
| 22 | പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്നുകൾ ലഭ്യമായില്ല. | 3-6 |
| 23 | പരിരക്ഷ പദ്ധതി -നിർവ്വഹണം കാര്യക്ഷമമാക്കണം | 3-7 |
| 24 | തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ | 3-8 |
| 25 | അംഗനവാടികളുടെ വൈദ്യുതീകരണം ,സി ഡി ,ഇ സി എൽ സി എന്നിവ അടവാക്കൽ പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ല്യമാക്കേണ്ടതാണ് | 3-9 |
| 26 | കൺവീനർ പ്രവൃത്തികൾക്ക് 2 ശതമാനം ആദായനികുതി പിരിച്ച് അടവാക്കിയില്ല | 3-10 |
| 27 | റോഡ് കോൺക്രീറ്റ് -ക്വാറിമക്ക് ഉപയോഗം സംബന്ധിച്ച് | 3-11 |
| 28 | ചെലവുരേഖകൾ/പൂർത്തീകരണ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 3-12 |
| 29 | ലൈബ്രറിക്ക് പുസ്തകംവാങ്ങൽ -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-13 |
| 30 | ഔദ്യോഗിക വാഹനത്തിന് ടയർ വാങ്ങിയത് സംബന്ധിച്ച് | 3-14 |
| 31 | കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -അപാകം | 3-15 |
| 32 | മരാമത്ത്, വൈദ്യുതി, ഊർജ്ജം- പ്രവൃത്തികൾ- നിർവ്വഹണം അസി.എൻജിനീയറെ ഏൽപ്പിക്കണം | 3-16 |
| 33 | കെട്ടിട നിർമ്മാണം -പ്രൊഫൈൽ ഷീറ്റിന് അധികനിരക്ക് അനുവദിച്ചു | 3-17 |
| 34 | ആശ്രയ പദ്ധതി -അവലോകനം | 3-18 |
| 35 | മരാമത്ത് പ്രവൃത്തികൾ അവലോകനം | 3-19 |
| 36 | കുടിവെള്ള പദ്ധതി (ജനറൽ)-അറ്റകുറ്റപ്പണിക്ക് തുകനൽകിയത് സംബന്ധിച്ച് | 3-20 |
| | ഭാഗം 4 | |

| | | |
|---|---|---|
| 37 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 44 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 46 | തീർപ്പാക്കവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 47 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2017-18 ലെ ബജറ്റ് പാസ്സാക്കിയനം./ തിയ്യതി | ബജറ്റ് പുതുക്കിയ തീയ്യതി |
|---|---|
| 25.3.2017 (തീരുമാനം നം-1) | 01.03.2018 |

## 1-2 വാർഷിക ധനകാര്യപത്രിക.

1.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ടതീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 17.5.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.06.2018 മുതൽ 26.06.2018 വരെ | കെ.എസ്.എ.എം.പി.എം-(5)/1255 /2018/4.7.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 22641528 |
| വരവ് | 78018948 |
| ആകെ | 100660476 |
| ചെലവ് | 75437117 |
| നീക്കിയിരിപ്പ് | 25223359 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 0 | 14069173 | 14069173 | 13460662 | 608511 |
| വികസന ഫണ്ട്(എസ്.സി.പി) | | 0 | 9993893 | 9993893 | 9324458 | 669435 |
| വികസനഫണ്ട്(ടി.എസ്.പി) | | 0 | 10996 | 10996 | 0 | 10996 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | 0 | 9222000 | 9222000 | 917210 | 4790 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 0 | 3155860 | 3155860 | 2974557 | 181303 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻെറ് | | 0 | 6457930 | 6457930 | 5155022 | 1302908 |
| കെ.എൽ.ജി.എസ്.ടി.പി | | 0 | 2825556 | 2825556 | 2464775 | 360781 |
| ട്രഷറി ടി.എസ്.ബി | | 9882105 | 25982974 | 35865079 | 21174722 | 14690357 |
| കെ.ജി.ബി സാക്ഷരത | | 92764 | 0 | 92764 | 92764 | 0 |
| ജോയിന്റ്വെൻഞ്ച്വർ | ബ്ലോക്ക് പഞ്ചായത്ത് | 389200 | 523550 | 912750 | 903800 | 8950 |
| | ജില്ലാ പഞ്ചായത്ത് | 0 | 452500 | 452500 | 413694 | 38806 |
| ഇ-പെയ്മെൻറ് | | 1981839 | 5557 | 1987396 | 1974142 | 13254 |
| അക്കൗണ്ട്-ടി.എസ്.ബി. | | 85069 | 4052 | 89121 | 902 | 88219 |
| എസ്.ബി അക്കൗണ്ട് | | 4110664 | 3833989 | 7944653 | 2682588 | 5262065 |
| തനത് ഫണ്ട് | | 2713790 | 902841 | 3616631 | 3332621 | 284010 |

| | | | | | |
|---|---|---|---|---|---|
| ജലനിധി | 230624 | 9799 | 240423 | 99828 | 140595 |
| സാനിറ്റേഷൻ | 679833 | 1367117 | 2046950 | 0 | 2046950 |
| MGNREGS | 15779 | 16582603 | 1659382 | 16507816 | 90566 |
| ബിഫണ്ട് | 0 | 44222800 | 44222800 | 44222800 | |
| എസ്.എസ്.എ | 10723 | 405 | 11128 | 0 | 11128 |
| സ്പെഷ്യൽ ഗ്രാൻറ് PNB | 2498814 | 110496 | 2609310 | 79971 | 2529339 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരംതാഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | ആകെ തുക | നടപ്പാക്കിയത് | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 247 | 70405323 | 179 | 49698384 | 0 | 68 | 72 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 15779 | 1092506 | 1108285 | 1017719 | 90566 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 15490097 | 15490097 | 15490097 | 0 |
| | 15779 | 16582603 | 16598382 | 16507816 | 90566 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 4245500 | 347 |
| 2 | തൊഴിൽ രഹിത വേതനം | 192000 | 327 |
| 3 | വിധവാ പെൻഷൻ | 15043000 | 1254 |
| 4 | വികലാംഗ പെൻഷൻ | 4863500 | 425 |
| 5 | അവിവാഹിതരായസ്ത്രീകൾക്കുള്ളപെൻഷൻ | 862500 | 100 |
| 6 | വാർദ്ധക്യകാല പെൻഷൻ | 18346300 | 1421 |
| | സാധുകക്കളുടെപെൺമക്കളുടെവിവാഹധനസഹായം | 660000 | 22 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2018. ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 25943/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

(1)ആസ്തിസംരക്ഷണം – പഞ്ചായത്തിന് കൈമാറിക്കിട്ടിയിട്ടുള്ളതും ആസ്തി വികസന പ്രോജക്ടുകൾ വഴി ആർജ്ജിച്ചിട്ടുള്ളതുമായ തനത് ആസ്തികൾ സംരക്ഷിക്കുന്നതിനും ആയത് പൊതുജനോപകാരപ്രദമായി പ്രയോജനപ്പെടുത്തുന്നതിനും പഞ്ചായത്തിനും ഭരണ സമിതിക്കും ഉത്തരവാദിത്വമുണ്ട്.ഹെൽത്ത് സെന്ററുകൾ,സബ്സെന്ററുകൾ ,അംഗൻവാടികൾ എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും അവ സംരക്ഷിക്കുന്നതിനും പ്രത്യേക പരിഗണന നൽകേണ്ടതാണ്.പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ച പകൽ വീടിന്ന് കുടിവെള്ളം ,വൈദ്യുതി ,എന്നിവ ലഭ്യമാക്കിയിട്ടില്ല. ഹെൽത്ത് സെൻെററിന്ന് അനുവദിച്ചിട്ടുള്ള ടോയിലററിൽ വെള്ളം വൈദ്യുതി എന്നിവ ലഭ്യമാക്കിയിട്ടില്ല.പഞ്ചായത്ത് ഓഫീസിലെ ഫർണ്ണിച്ചറുകൾ ,ഇലക്ട്രോണിക്ക് ഉപകരണങ്ങൾ എന്നിവക്ക് നമ്പറിങ് നടത്തി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.തെരുവ് വിളക്കുകൾക്ക് സംയുക്ത പരിശോധനയിലൂടെ കൃത്യത ഉറപ്പ് വരുത്തി നമ്പർ നൽകേണ്ടതാണ്.

*(2)*രജിസ്റ്ററുകളുടെസൂക്ഷിപ്പ്-ദൈനം ദിനം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ട ക്യഷ് ബുക്ക്, പ്രിന്റ് എടുത്ത് അപ്രകാരം ചെയ്യുന്നില്ല.പഞ്ചായത്ത് ജീവനക്കാരുടെ പേഴ്സണൽ രജിസ്റ്റർ എഴുതി പ്രതിമാസ സാക്ഷ്യപ്പെടുത്തൽ നടത്തേണ്ടതാണ്

*(3)*മേൽ നോട്ടം-ഓഫീസ് ഉത്തരവ് പ്രകാരം എൽപ്പിച്ച ജോലികൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നുവെന്നും പൊതുജന സേവനം കാര്യക്ഷമമാണെന്നും ഓഫീസ് മേധാവിയും ,മോണിട്ടറിങ് കാര്യക്ഷമമാക്കി ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതാണ്.സെക്ഷനുകളുടെ പി.ആർ പ്രതിമാസ പരിശോധന നടത്തി സേവനങ്ങൾ സമയബന്ധിതമാക്കേണ്ടതാണ്.പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാൻ മോണിട്ടറിങ് ശക്തിപെടുത്തേണ്ടതാണ്.

*(4)*ഫ്രണ്ട് ഓഫീസ് സംവിധാനം-പുതിയ കെട്ടിടത്തിൽ പൊതുജനങ്ങൾക്കുള്ള സേവനം സമയബന്ധിതമാണെന്ന് സ്ഥിരം സമിതികളും ഓഫീസ് മേധാവിയും ഉറപ്പ് വരുത്തേണ്ടതാണ്

*(5)*പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ-കാര്യക്ഷമമാക്കേണ്ടതാണ്

*(6)*ഓഫീസ് യോഗങ്ങൾ-കൃത്യമായ ഇടവേളകളിൽ നടക്കുന്നുണ്ട്

*(7)*ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ -ആയത് നിരീക്ഷിക്കുന്നതിന്ന് പേഴ്സണൽ രജിസ്റ്റർ കാര്യക്ഷമമാക്കേണ്ടതാണ്.പ്രതിമാസ മോണിട്ടറിങ് നടത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ്ഓഡിറ്റ് | 27.9.2018 | 7/2018<br>8/2018 | 27.9.2018 |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 1997-98മുതൽ 2006-07വരെ | 25.7.2007മുതൽ 6.8.2007 വരെ | 6.9.2007 |

## 1-12 ഓഡിറ്റ് സർട്ടിഫിക്കേഷൻ -അപാകതകൾ

പോരൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. (1)2016-17 സാമ്പത്തിക വർഷത്തെ മിച്ചം/ കമ്മി (-3346417) തൻവർഷത്തെ വാർഷിക ധനകാര്യ പത്രികയുമായി (3564595.80) പൊരുത്തപ്പെടുന്നില്ല.
(2)KGB Own Fund 0131- അക്കൗണ്ടിലെ 2016-17 വർഷത്തെ നീക്കിയിരുപ്പ് (CB- 1893443) തൻവർഷത്തെ മുൻബാക്കിയുമായി (OB- 1891839) പൊരുത്തപ്പെടുന്നില്ല.
(3)MGREGA -യുടെ വരവ് ചെലവുകൾ (I-6 & I-14a) പൊരുത്തപ്പെടുന്നില്ല.
(4)Pension for the Unmarried Women above 50 years -ലെ വരവ് ചെലവ് AFS മായി പൊരുത്തപ്പെടുന്നില്ല. (Sevana – 1189200 & AFS 862500).
(5).ജലനിധിയുടെ അക്കൗണ്ടിലെ ബാധ്യത (B4- 235647) നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല (B17-140595).(6)Property Tax ഇനത്തിൽ ലഭിക്കാനുള്ള തുകക്ക് ലൈബ്രറി സെസ്സ് ബുക്ക് ചെയ്തിട്ടുള്ളത് ക്രമ പ്രകാരമല്ല. (5 % ആണ് നൽകേണ്ടത് - B15 കാണുക).
(7)കാലവധി കഴിഞ്ഞ ചെക്കുകൾ ബാധ്യത ഹെഡിൽ (Liability in respect of stale cheque) ബുക്ക് ചെയ്തിട്ടില്ല. (Examples. KGB own fund Chq No. 10181/06.03.17, 6721/ 27.01.17; MGNEGA Chq No. 10750/03.10.17, 10731/02.06.17 etc).
(8)Property Tax ഇനത്തിൽ സഞ്ചയ പ്രകാരമുള്ള ആകെ കളക്ഷൻ (1895503) AFS -ൽ രേഖപ്പെടുത്തിയിട്ടുള്ള തുകയുമായി (1892275) പൊരുത്തപ്പെടുന്നില്ല.
(9)വസ്തു നികുതി (Non Residential Building) തൻവർഷ ഡിമാന്റ്, സഞ്ചയയിലെ ഡിമാന്റുമായി പൊരുത്തപ്പെടുന്നില്ല (AFS- 814286 & Sanchaya- 891036).
(10)2016-17 വർഷത്തെ AFS പ്രകാരം വസ്തു നികുതി (Non Residential Building) കുടിശ്ശിക 153027 (BT- 145740, LC- 7287) രൂപയാണ്. എന്നാൽ സഞ്ചയ പ്രകാരം 145740 രൂപയാണ് (BT 138800, LC 6940) തൻവർഷത്തെ കുടിശ്ശികയായി ബുക്ക്ചെയ്തിട്ടുള്ളത്.
(11)സഞ്ചയ പ്രകാരം Property Tax Non Residential Building (current), Property Tax Non Residential Building (current) എന്നിവ ലൈബ്രറി സെസ്സ് ഉൾപ്പടെ യഥാക്രമം 36435, 145740 രൂപയാണ്. എന്നാൽ AFS പ്രകാരം ലൈബ്രറി സെസ്സ് ഉൾപ്പടെ യഥാക്രമം 34700, 138800 രൂപയാണ്. (ലൈബ്രറി സെസ്സ് B-15 -ൽ ഉൾപ്പെടുത്തിയിട്ടില്ല).
(12)വാർഷിക കണക്കുകളിൽ അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ -ടെണ്ടർ -ടെണ്ടർ ഫോറം വില പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല

ഓഡിറ്റ് വർഷത്തിൽ 5 ലക്ഷത്തിനു മുകളിലുള്ള 2 പ്രവർത്തികൾ ഇ ടെണ്ടർ മുഖേന നടപ്പിലാക്കിയിട്ടുണ്ട്.നിലവിൽ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല.

| പ്രവൃത്തി | കരാറുകാരൻ | ടെണ്ടർ ഫീ |
|---|---|---|
| പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് | പവർ സി.എം.എസ് | 2800 |

| | | |
|---|---|---|
| വിതരണം (പ്രൊജക്റ്റ് നം 223/18 ) | ടെക്നോളജി | |
| | മക്കാൻ ഇൻഫോ സൊല്യൂഷൻ | 2800 |
| | ചീപ്പസ്റ്റ് സി.എസ്.സർവ്വീസ് | 2800 |
| ബി.ആർ.സി. കെട്ടിട നിർമ്മാണം | അബ്ദുൾ നാസ്സർ | 2800 |
| (പ്രൊജക്റ്റ് നം 245/18 ) | നൂറുൾ ഹസ്സൻ | 2800 |
| | ആകെ | 14000 |

14000/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 മരം ലേലം - അപാകതകൾ.

2017-18 സാമ്പത്തിക വർഷത്തിൽ, ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥയിലുള്ള 3 അക്കേഷ്യ മരങ്ങൾ സോഷ്യൽ ഫോറസ്ട്രിയുടെ അനുമതിയോടെ ലേലം ചെയ്യുകയും, ശ്രീ.അലവി, കുന്നമ്മൽ ഹൗസ്, നിരന്നപറമ്പ്, ചാത്തങ്ങോട്ട്പുറം എന്നവർ 57,950/- രൂപക്ക് ലേലം കൊള്ളുകയും 71,279/- രൂപ താഴെ പറയുന്ന പ്രകാരം രണ്ട് രശീതികളിലൂടെ അടവാക്കുകയും ചെയ്തു.

| ക്രമ നമ്പർ | രശീതി നമ്പർ | അടവാക്കിയ തുക |
|---|---|---|
| 1 | 117060100902 / 09.08.2017 | 21,279/- |
| 2 | 117060100988 / 21.08.2017 | 50,000/- |
| ആകെ | | 71,279/- |

ലേല തുകയും, ജി.എസ്.ടി യും വനവികസന നികുതിയും സഹിതം താഴെ പറയുന്ന പ്രകാരം 71,800/- ശ്രീ.അലവി അടവാക്കേണ്ടിയിരുന്നു.

| | |
|---|---|
| ലേല തുക | 57,950/- |
| ജി.എസ്.ടി - 18 % | 10,431/- |
| വനവികസന നികുതി - 5 %(ലേലതുക+വാറ്റ് ) | 3,419/- |
| ആകെ | 71,800/- |

മലപ്പുറം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്ററുടെ 04.11.2016 ലെ എ.1120/2016 നമ്പർ ഉത്തരവ് പ്രകാരം അക്കേഷ്യാ മരങ്ങൾക്ക് 57,724/- രൂപ വില നിശ്ചയിക്കുകയും ലേല തുകയും അതിന്റെ നികുതിയും ചേർത്ത ആകെ തുകക്ക് 5% വനവികസന നികുതി (FDT) കണക്കാക്കി ലേലക്കാരിൽ നിന്നും ഈടാക്കി 0406-01-101-96-FDT എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടവാക്കി അസ്സൽ ചലാൻ രശീതി മലപ്പുറം സോഷ്യൽ ഫോറസ്ട്രി ഡിവിഷന് അയച്ച് നൽകാനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം ലേല തുകക്ക് വനനികുതി കണക്കാക്കിയപ്പോൾ ലേല തുകയും ചരക്ക് സേവന നികുതിയും ചേർന്ന തുകക്ക് പകരം ലേല തുക മാത്രം പരിഗണിച്ചത് കൊണ്ടാണ് വനവികസന നികുതിയിൽ 521/- രൂപയുടെ കുറവ് വന്നിട്ടുള്ളത്. ഈടാക്കിയ വനവികസന നികുതിയും ചരക്ക് സേവന നികുതിയും ബന്ധപ്പെട്ട ശീർഷകങ്ങളിൽ അടവാക്കിയിട്ടില്ല. അപാകത പരാമർശിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ : 19/29.10.2018) നൽകിയതിനെ തുടർന്ന് 521/- രൂപ രശീതി നമ്പർ.118060102240 പ്രകാരം അടവാക്കുകയും ഈടാക്കിയ വനവികസന നികുതിയും ചരക്ക് സേവന നികുതിയും ബന്ധപ്പെട്ട ഹെഡ്ഡുകളിൽ അടവാക്കി രേഖകൾ

പരിശോധനക്ക് ഹാജരാക്കുന്നതുമാണ് എന്നറിയിച്ചു.

മരം ലേലം ഇനത്തിലുള്ള ആകെ വരവ് 61,350/- രൂപയാണെങ്കിലും (57,950 + 3400) വാർഷിക കണക്ക് പ്രകാരം ഡിമാന്റും വരവും 40,071/- രൂപയാണ്. ലേലം ഇനത്തിൽ ലഭിച്ച 21279/- രൂപ ഡിപ്പോസിറ്റ് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തതാണ് ഇതിന് കാരണം. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 2-3 രശീതി പുസ്തകങ്ങളുടെ ഉപയോഗത്തിലുള്ള അപാകതകൾ.

കൃഷി ഓഫീസർക്ക് വിതരണം ചെയ്തിട്ടുള്ള രശീതി പുസ്തകത്തിന്റെ (ബുക്ക് നമ്പർ.7455) ഉപയോഗത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). തിയ്യതി രേഖപ്പെടുത്താതെ രശീതി നൽകുന്നു.

രശീതി ബുക്ക് നമ്പർ 7455 ലെ 66 മുതൽ 79 വരെയുള്ള 14 രശീതികളിൽ തിയ്യതി രേഖപ്പെടുത്താതെയാണ് ഗുണഭോക്തൃ വിഹിതം അടവാക്കിയിട്ടുള്ള ഗുണഭോക്താക്കൾക്ക് രശീതി നൽകിയിട്ടുള്ളത്. ആയതിനാൽ വരവ് തുക യഥാസമയം പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2). ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കുന്നില്ല.

2017-18 സാമ്പത്തിക വർഷത്തിൽ ഗുണഭോക്തൃ വിഹിതം കൈപ്പറ്റിയപ്പോൾ 79 രശീതികൾ നൽകിയിട്ടുണ്ടെങ്കിലും രശീതി എഴുതുമ്പോൾ ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിച്ചിട്ടില്ല.

3). വരവ് തുക അടവാക്കുന്നതിൽ കാലതാമസം.

കൃഷി ഭവനിൽ ഗുണഭോക്തൃ വിഹിതമായി ഗുണഭോക്താക്കൾ അടവാക്കിയിട്ടുള്ള തുക യഥാസമയം ഗ്രാമപഞ്ചായത്തിൽ അടവാക്കുന്നില്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

<table>
<tr><th>കൃഷി ഭവനിൽ തുക ലഭിച്ച തിയ്യതി</th><th>രശീതി നമ്പർ</th><th>ലഭിച്ച തുക</th><th>ഗ്രാമപഞ്ചായത്തിൽ അടവാക്കിയ തിയ്യതി</th><th>തുക</th></tr>
<tr><td>04.11.2017</td><td>1മുതൽ11വരെ</td><td>2413</td><td rowspan="8">29.11.2017</td><td rowspan="8">16168 രൂപ.</td></tr>
<tr><td>06.11.2017</td><td>6മുതൽ22വരെ</td><td>3895</td></tr>
<tr><td>07.11.2017</td><td>23മുതൽ26വരെ</td><td>760</td></tr>
<tr><td>08.11.2017</td><td>27മുതൽ28വരെ</td><td>380</td></tr>
<tr><td>09.11.2017</td><td>29മുതൽ30വരെ</td><td>380</td></tr>
<tr><td>10.11.2017</td><td>31മുതൽ32വരെ</td><td>1330</td></tr>
<tr><td>13.11.2017</td><td>33മുതൽ37വരെ</td><td>950</td></tr>
<tr><td>14.11.2017</td><td>38മുതൽ59വരെ</td><td>6060</td></tr>
<tr><td>21.02.2018</td><td>60മുതൽ61വരെ</td><td>2500</td><td rowspan="2">13.03.2018</td><td rowspan="2">25000 രൂപ.</td></tr>
<tr><td>22.02.2017</td><td>62മുതൽ64വരെ</td><td>3750</td></tr>
</table>

| | | |
|---|---|---|
| 23.02.2017 | 63 | 1250 |
| രേഖപ്പെടുത്തിയിട്ടില്ല. | 66മുതൽ79വരെ | 17500 |

അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ - 01/25-10-2018)

## 2-4 തനത് ഫണ്ട് അക്കൗണ്ടിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ - യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല.

വരവ് ചെലവ് കണക്കുകൾ അതാത് ദിവസം തന്നെ അക്കൗണ്ട് ചെയ്യണമെന്നിരിക്കെ പോരുർ ഗ്രാമപഞ്ചായത്തിൽ തനത് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ.40191101032246, കേരള ഗ്രാമീണ ബാങ്ക്, ചെറുകോട്) നിന്നും പണം പിൻവലിക്കുന്നത് യഥാസമയം സാംഖ്യയിൽ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. ചെക്ക് നൽകുമ്പോൾ തന്നെ അക്കൗണ്ട് ചെയ്യണമെന്നിരിക്കെ പലപ്പോഴും ബാങ്കിൽ നിന്നും പണം പിൻവലിച്ച് ദിവസങ്ങൾക്ക് ശേഷമാണ് അക്കൗണ്ട് ചെയ്യുന്നത്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ചെക്ക് നമ്പർ / തിയ്യതി | തുക | അക്കൗണ്ട് ചെയ്യേണ്ട തിയ്യതി | ബാങ്ക് പാസ് ബുക്ക് പ്രകാരം പണം പിൻവലിച്ച തിയ്യതി | അക്കൗണ്ട് ചെയ്ത തിയ്യതി |
|---|---|---|---|---|---|
| 1 | 10472/10.05.2017 | 11377 | 10.05.2017 | 12.05.2017 | 15.05.2017 |
| 2 | 10954/18.05.2017 | 9577 | 18.05.2017 | 19.05.2017 | 23.05.2017 |
| 3 | 10964/01.06.2017 | 412960 | 01.06.2017 | 01.06.2017 | 02.06.2017 |
| 4 | 10966/02.06.2017 | 33946 | 02.06.2017 | 05.06.2017 | 07.06.2017 |
| 5 | 19411/19.06.2017 | 4815 | 19.06.2017 | 20.06.2017 | 23.06.2017 |
| 6 | 19416/22.06.2017 | 19005 | 22.06.2017 | 22.06.2017 | 23.06.2017 |
| 7 | 19429/23.06.2017 | 3500 | 23.06.2017 | 27.06.2017 | 30.06.2017 |
| 8 | 19431/23.06.2017 | 1360 | 23.06.2017 | 27.06.2017 | 30.06.2017 |
| 9 | 19436/04.07.2017 | 46180 | 04.07.2017 | 05.07.2017 | 11.07.2017 |
| 10 | 19448/26.07.2018 | 1655 | 26.07.2017 | 27.07.2017 | 01.08.2017 |

ചെലവുകൾ യഥാസമയം അക്കൗണ്ട് ചെയ്യാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.25/31.10.2018)

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നിർവ്വഹണം -അവലോകനം

| നിർവ്വഹണോദ്യോഗസ്ഥൻ | ആകെ പ്രൊജക്ട് | നിർവ്വഹണം നടത്തിയത് | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| അസി.എൻജിനിയർ | 153 | 107 | 36197707 | 23008717 | 64 % |
| സെക്രട്ടറി | 28 | 18 | 5586684 | 2748844 | 49 % |
| അസി.സെക്രട്ടറി | 16 | 11 | 8019501 | 5314395 | 66 % |
| കൃഷി ഓഫീസർ | 8 | 6 | 2275353 | 2177470 | 95 % |
| വെറ്റിനറി സർജ്ജൻ | 7 | 6 | 2566500 | 2130000 | 83% |
| വി.ഇ.ഒ | 3 | 3 | 1903286 | 1808286 | 95 % |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 9 | 9 | 8661145 | 8103416 | 94 % |
| ഹെഡ്മാസ്റ്റർ | 10 | 8 | 2563790 | 1875591 | 73 % |
| മെഡിക്കൽ ഓഫിസർ (അലോപ്പതി ) | 9 | 8 | 1306357 | 1234665 | 94 % |
| മെഡിക്കൽ ഓഫിസർ (ഹോമിയോ ) | 2 | 1 | 225000 | 200000 | 89 % |
| മെഡിക്കൽ ഓഫിസർ (ആയുർവ്വേദം ) | 1 | 1 | 500000 | 500000 | 100 % |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 600000 | 600000 | 100 % |
| ആകെ | 247 | 179 | 70405323 | 49698384 | 71 % |

ആകെ അംഗീകാരം ലഭ്യമാക്കിയ എല്ലാ പദ്ധതികളും പദ്ധതി കലണ്ടർ അടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിന്ന് മോണിട്ടറിങ് സമിതികളും നിർവ്വഹണോദ്യോഗസ്ഥരും പരിശ്രമിക്കേണ്ടതാണ്.

## 3-2 വിവിധ അങ്കണവാടികളിൽ പെയിന്റിംഗ് [215/2018]

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ/ ഫണ്ട് | : 450000/- (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ്/ വൗചർ നമ്പർ | : 414700/- ചെക്ക് നം. 5832532/ 28.03.2018 |

ചുവർ ചിത്രങ്ങൾ വരച്ച് അങ്കണവാടി കെട്ടിടങ്ങളെ ശിശു സൗഹൃദമാക്കുക എന്നതാണ് മേൽ പ്രൊജക്ടിന്റെ ലക്ഷ്യം. ആയതിൻ പ്രകാരം മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച് 17 അങ്കണവാടികളിൽ പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്. ഏറ്റവും കുറഞ്ഞതുക ക്വാട്ട് ചെയ്ത [Rs.260/M2] ശ്രീ. പി.ഇ. ഇസ്മായീൽ, വെറ്റിലപ്പാറ പി.ഒ, മലപ്പുറം എന്ന കരാറുകാരനാണ് പ്രവൃത്തി നൽകിയിട്ടുള്ളത്. 1595 എം2 അളവിൽ പ്രവൃത്തി ചെയ്തിട്ടുണ്ടെന്ന അസി. എൻജിനീയറുടെ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് മൊത്തം 414700/- രൂപ നൽകിയിട്ടുണ്ട് [1595x260].

പ്രവൃത്തി മൂല്യ നിർണ്ണയതുകയിൽ നിന്നും നിയമാനുസൃതമുള്ള ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ കുറവ് ചെയ്യാതെ മുഴുവൻ തുകയും കരാറുകാരന് നൽകിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ ബില്ലിൽ നിന്നും ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ കുറവുവരുത്തുന്നത് സംബന്ധിച്ച അറിവില്ലാത്തത് കൊണ്ടാണ് മുഴുവൻ തുകയും നൽകിയതെന്നും, കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക ബന്ധപ്പെട്ട ഹെഡിൽ അടവാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. *[ഓഡിറ്റ് എൻക്വയറി നമ്പർ 16/2018 തിയ്യതി 29.10.2018]*

## 3-3 വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം [104/2018]

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : ഹെഡ് മാസ്റ്റർ |
| അടങ്കൽ/ ഫണ്ട് | : 140000/- (വികസന ഫണ്ട് |
| ചെലവ്/ വൗചർ നമ്പർ | : 36433/- Bill No 9/2017-18, 31.03.2018 |

വിദ്യാർത്ഥികളുടെ കായിക ക്ഷമത വളർത്തുക, ജല ദുരന്തം ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ 500 വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുക എന്നതിനാണ് പ്രൊജക്ട്. നീന്തൽ പരിശീലനം നൽകുന്നതിന് ആവശ്യമായ ചുവടെ ചേർത്തിട്ടുള്ള പരിശീലന സാമഗ്രികൾ TBS Publishers & Distributers എന്ന സ്ഥാപനത്തിൽ നിന്നും 36433/- രൂപക്ക് വാങ്ങിയിട്ടുണ്ട്.

| ക്ര.ന | പരിശീലന സാമഗ്രികൾ | എണ്ണം |
|---|---|---|
| 1 | ലൈഫ് ജാക്കറ്റ് | 50 |
| 2 | സിമ്മിംഗ് ക്യാപ് | 50 |
| 3 | സിമ്മിംഗ് ഗ്ലഗൾ | 50 |
| 4 | ട്യൂബ് | 50 |
| 5 | നൈലോൺ റോപ്പ് | 1kg |

ഓഡിറ്റ് പരാമർശങ്ങൾ.

1.ആദായ നികുതി ഇനത്തിൽ 4147(1%), ക്ഷേമനിധി ഇനത്തിൽ 4147/-രൂപയും(1%) ഈടാക്കേണ്ടതാണ്.
2. 31.03.2018- ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സ്റ്റോക്കിൽ എടുത്ത നീന്തൽ പരിശീലന ഉപകരണങ്ങൾ നാളിതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല.
3.വിദ്യാഭ്യാസം- കായികം- യുവജനക്ഷേമം വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്, വിദ്യാഭ്യാസ ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് എന്നിവ പരിശോധിച്ചതിൽ പ്രസ്തുത പ്രൊജക്ട് നടപ്പിലാക്കുന്നതിന് ഭരണ സമതിക്ക് ശുപാർ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. നീന്തൽ പരിശീലനം നൽകാൻ ആവശ്യമായ ജല

സ്രോതസിന്റെ ലഭ്യത, പരിശീലനം നൽകുന്ന ഏജൻസി എന്നിവ വർക്കിംഗ് ഗ്രൂപ്പ്, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റി എന്നിവയിൽ ചർച്ച ചെയ്തതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ 17/2018 തിയ്യതി 29.10.2018 ലഭ്യമാക്കിയ മറുപടിയിൽ മേൽ പരിശീലന സാമഗ്രികൾ ഉപയോഗപ്പെടുത്തി തൻവർഷം നീന്തൽ പരിശീലനം നൽകാൻ നടപടി സ്വീകരിച്ച് വരുന്നതായും പ്രൊജക്ട് തൻവർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയതായും അറിയിച്ചിട്ടുണ്ട്. നീന്തൽ പരിശീലനം നൽകി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 കലാകായിക വികസനം (യുവജന ക്ലബ്ബുകൾ വഴി) [103/2018]

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

അടങ്കൽ/ ഫണ്ട് : 100000

ചെലവ്/ വൗചർ നമ്പർ : 87558/- Bill No. 07/2017-18, 30.03.2018

വിദ്യാർത്ഥികളുടെ കായിക ക്ഷമത വളർത്തുക എന്ന ലക്ഷ്യത്തോടെ യുവാക്കളുടെ സഹകരണത്തോടെ ഫുട് ബാൾ, വോളി ബാൾ, ക്രിക്കറ്റ് എന്നീ കായിക ഇനങ്ങളിൽ പരിശീലനം നൽകുകയും, പ്രസ്തുത കായിക ഇനങ്ങളിൽ പഞ്ചായത്ത് തല ടീം രൂപീകരിക്കുകയുമായിരുന്നു പ്രൊജക്ടിന്റെ ലക്ഷ്യം. പ്രൊജക്ടിന്റെ ഇനം തിരിച്ചുള്ള ചെലവ് താഴെ ചേർക്കുന്നു.

| ക്ര.ന | ഇനം | തുക |
|---|---|---|
| 1 | പരിശീലകരുടെ ഓണറേറിയം | 45000 |
| 2 | സ്പോർട്സ് ഉപകരണങ്ങൾ | 24588 |
| 3 | ടീമുകളുടെ ഏകോപനം | 18000 |
| ആകെ | | 87588 |

ഓഡിറ്റ് പരാമർശങ്ങൾ.

1. പരിശീലകർക്ക് ഓണറേറിയം നൽകിയ വൗച്ചറിലെ രേഖകൾ പ്രകാരം ഫുട് ബാൾ, വോളി ബാൾ, ക്രിക്കറ്റ് എന്നവയുടെ പരിശീലനം നൽകിയിട്ടുള്ളത് യഥാക്രമം 14.02.2018മുതൽ 23.03.2018, 11.02.2018മുതൽ 17.03.2018, 02.02.2018മുതൽ 08.03.2018 വരെയാണ്. എന്നാൽ പരിശീലനത്തിന് ആവശ്യമായ സ്പോർട്സ് ഉപകരണങ്ങൾ Time Sports, Melattur എന്ന സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടുള്ളതും, നിർവ്വഹണ ഉദ്യോഗസ്ഥന്റെ സ്റ്റോക്കിൽ എടുത്തിട്ടുള്ളതും 26.03.2018 -ന് ആണ്. സ്പോർട്സ് ഉപകരണങ്ങൾ പരിശീലനത്തിന് ഉപയോഗപ്പെടുത്തിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.
2. ടീമുകളുടെ ഏകോപനത്തിന് വേണ്ടി ശ്രീ. മുഹമ്മദ് റാഷിദ് എന്നയാൾക്ക് 18000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ചെലവ് സംബന്ധിച്ച രേഖകൾ ഒന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
3. ഫുട് ബാൾ, വോളി ബാൾ, ക്രിക്കറ്റ് എന്നീ കായിക ഇനങ്ങളിൽ പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച ടീം സംബന്ധിച്ച വിവരങ്ങൾ, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. [ഓഡിറ്റ് എൻക്വയറി നമ്പർ 18/2018 തിയ്യതി 29.10.2018- നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും മറുപടി ലഭ്യമാക്കേണ്ടതും ആയതിന്മേൽ പഞ്ചായത്ത് ഭരണസമിതിയുടെ അഭിപ്രായം അറിയിക്കേണ്ടതുമാണ്].

## 3-5 ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 116/18 |
| വിനിയോഗിച്ച തുക | 5,00,000/- രൂപ |
| ബിൽ നമ്പർ / തിയ്യതി | 1/2017-18 തിയ്യതി. 16.12.2017 |

ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം മേൽ തുക മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഔഷധിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയ്യതി വരെ 8 തവണയായി 5,00,000/- രൂപയുടെ ഇൻവോയിസ് ലഭിച്ചിട്ടുണ്ടെങ്കിലും സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം അതിൽ താഴെ പറയുന്ന മരുന്നുകൾ ലഭ്യമായിട്ടില്ല.

| ഇൻവോയിസ് നമ്പർ / തിയ്യതി | ഇൻവോയിലെ ക്രമ നമ്പർ | മരുന്നിന്റെ പേര് | റേറ്റ് | അളവ് | വില |
|---|---|---|---|---|---|
| 90059695 / 23.03.2018 | 4 | HINGUVACHADI CHOORNAM 50gm. | 24 | 189 | 4536 |
| 9006195 / 31.03.2018 | 5 | VETTUMARAN GULIKA 100 Nos. | 86 | 70 | 6020 |
| ആകെ | | | | | 10556/- |

ഈ മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.5/25.10.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ യഥാസമയം പൂർണ്ണമായി ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കി അറിയിക്കുന്നത് വരെ 10556/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-6 പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്നുകൾ ലഭ്യമായില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 160/18 |
| വിനിയോഗിച്ച തുക | 1,50,000/- രൂപ |
| ബിൽ നമ്പർ / തിയ്യതി | 07/17-18 തിയ്യതി. 11.01.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി പോരൂർ |

പദ്ധതി പ്രകാരം മേൽ തുക പി എച്ച് സി യിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ 2 ഇൻവോയിസുകളായി 71,655/- രൂപയുടെ മരുന്നുകൾ മാത്രമാണ് ഓഡിറ്റ് തിയ്യതി വരെ ലഭ്യമായിട്ടുള്ളത്. ബാക്കി 78,345/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സ്ഥാപനത്തിനെ ടെലഫോൺ മുഖേന ബന്ധപ്പെട്ടിട്ടുണ്ടെന്നും മരുന്നുകൾ ഉടനെ ലഭിക്കുമെന്നും മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് വിവരങ്ങൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയത് വരെ 78,345/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.(ഓഡിറ്റ് എൻക്വയറി നമ്പർ : 6/25.10.2018)

## 3-7 പരിരക്ഷ പദ്ധതി -നിർവ്വഹണം കാര്യക്ഷമമാക്കണം

| | |
|---|---|
| പ്രൊജക്ട് നമ്പർ | 113/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ചെലവഴിച്ച തുക | 6,26,523 രൂപ |

2015 ലെ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ (ജി.ഒ (ആർ.ടി) 3217/2015 തസ്വഭവ തി. 29.10.2015) പ്രകാരം ഗ്രാമപഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും മുനിസിപ്പൽ കോർപ്പറേഷനുകളുടേയും നേതൃത്വത്തിൽ നടപ്പാക്കേണ്ട പ്രാഥമിക പാലിയേറ്റീവ് പരിചരണ സംവിധാനം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പോരുർ ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ നടപ്പിലാക്കിയ പെയിൻ & പാലിയേറ്റീവ് (പരിരക്ഷ) പദ്ധതിയിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). മരുന്ന് വാങ്ങൽ (ബിൽ നം. 08/2017-18 തി. 19.01.2018 – 1,55,000/- രൂപ).

പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ ഉൾപ്പെടുത്തി മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ടി 1,55,000/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ 55,370/- രൂപയുടെ മരുന്നുകൾ മാത്രമാണ് ഓഡിറ്റ് തിയ്യതി വരെ ലഭ്യമായിട്ടുള്ളത്. ബാക്കി 99,630/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. അത് വരെ 99,630/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

2). പി.എം.സി, പി.ഐ.സി എന്നിവ യഥാസമയം യോഗം ചേരുന്നില്ല.

പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി) രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. എന്നാൽ പോരുർ ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ 09.08.2017, 04.12.2017 എന്നീ തിയ്യതികളിൽ രണ്ട് യോഗങ്ങൾ മാത്രമാണ് ചേർന്നിട്ടുള്ളത്.

പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി (പി.ഐ.സി) എല്ലാ മാസവും അഞ്ചാം തിയ്യതിക്ക് മുമ്പായി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. എന്നാൽ സാമ്പത്തിക വർഷത്തിൽ പി.ഐ.സി യോഗം ചേർന്നതിന്റെ മിനിട്സ് ലഭ്യമാക്കിയിട്ടില്ല.

3). മോണിട്ടറിംഗിന്റെ അഭാവം.

1). പരിരക്ഷ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഓരോ മാസത്തിലും പ്രതിമാസ അവലോകന യോഗങ്ങൾ വിളിച്ച് കൂട്ടേണ്ടതാണ്. മിക്ക മാസങ്ങളിലും യോഗം ചേർന്നിട്ടുണ്ടെങ്കിലും ഒരു യോഗത്തിലും പാലിയേറ്റീവ് പ്രവർത്തന പുരോഗതി ചർച്ച ചെയ്തിട്ടില്ല. മാർഗ്ഗ രേഖ പ്രകാരം, ഓരോ അവലോകന യോഗത്തിലും മുൻമാസം നടന്ന പ്രവർത്തനങ്ങളുടെ എഴുതി തയ്യാറാക്കിയ റിപ്പോർട്ടും (റിവ്യൂ മീറ്റിംഗ് റിപ്പോർട്ട് ബുക്കിൽ) വരവ് - ചെലവ് കണക്കുകളും നഷ്ട് അവതരിപ്പിക്കേണ്ടതാണ്. ഒ.പി ഹോം കെയർ, അവയിൽ കണ്ട രോഗികൾ, രോഗികളിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടവർ, വളണ്ടിയർമാരുടേയും ഗ്രാമപഞ്ചായത്തിന്റേയും ആശുപത്രിയുടേയും പങ്കാളിത്തം, മറ്റ് പ്രധാന പ്രവർത്തനങ്ങൾ, ക്ലാസുകൾ, പരിശീലനങ്ങൾ മുതലായ എല്ലാ കാര്യങ്ങളും പ്രവർത്തന റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കണം. റിപ്പോർട്ടും കണക്കും ചർച്ച ചെയ്ത്, പോരായ്മകൾ പരിഹരിച്ച് ഭാവി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ വേണ്ട തീരുമാനങ്ങൾ ഉണ്ടാവണം. എന്നാൽ യോഗത്തിന്റെ മിനിട്സ് പരിശോധിച്ചതിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല.

2). ആരോഗ്യവുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ മോണിട്ടർ നടത്തുന്ന വർക്കിംഗ് ഗ്രൂപ്പ് പാലിയേറ്റീവ്

കെയർ പ്രൊജക്ടുകളുടേയും മോണിട്ടർ നടത്തണം. എന്നാൽ ഇപ്രകാരമുള്ള മോണിട്ടറിംഗ് നടന്നിട്ടില്ല.

3). ഗ്രാമപഞ്ചായത്തുകളിലെ ആരോഗ്യ – വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്. എന്നാൽ 2017-18 വർഷത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

4). തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർഷത്തിലൊരിക്കൽ പ്രത്യേക അജണ്ടയായി പാലിയേറ്റീവ് കെയർ പ്രവർത്തനം വിലയിരുത്തുകയും അതനുസരിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ പഞ്ചായത്തിന്റെ യോഗതീരുമാനങ്ങളിൽ ഇപ്രകാരമുള്ള രേഖപ്പെടുത്തലുകൾ ഒന്നും കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ : 14/29.10.2018)

## 3-8 തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം. 219/18 (തെരുവ് വിളക്ക് സ്ഥാപിക്കൽ) ചെലവ്-4,83,990 രൂപ (പ്ലാൻ )

ബിൽ നം. 33/17-18/27.03.18 വൗച്ചർ നം -.21701050/27.03.18

നിർവ്വഹണം - സെക്രട്ടറി

പഞ്ചായത്തിൻെറ 23.11.16 ലെ A2-1323/16 നം. ടെണ്ടർ നോട്ടീസ് പ്രകാരം ബജാജ്,ഓസ്റം,ക്രോമ്ഷൻ എന്നിവയിലേതെങ്കിലും ഒരു കമ്പനിയുടെ 20 വാട്സ് LED ലൈറ്റ് സ്ഥാപിക്കുന്നതിനാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്.രണ്ട് കമ്പനികളുടെ ടെണ്ടർ ലഭിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക്ക്വോട്ട്ചെയ്ത ഉഷ ഇലക്ട്രോണിക്സ് സിസ്റ്റം ,കുറ്റനാട് ,പാലക്കാട്.എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ സ്വീകരിച്ചു.(ഭരണസമിതി തീരുമാനം നം.17(1)/04.01.17) തുടർന്ന് 12.03.2017 ലെ UES/17-18/1149നം. ഇൻവോയ്സ് പ്രകാരം 221 LED ലൈറ്റുകൾ ലഭ്യമാക്കി ഇൻസ്റ്റാൾ ചെയ്ത "ഉഷ ഇലക്ട്രോണിക്സ് സിസ്റ്റത്തിന്" മേൽ ബില്ല് പ്രകാരം തുക നൽകിയിട്ടുണ്ട്.പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ. സാങ്കേതിക അനുമതി വാങ്ങുകയോ, സാങ്കേതിക മേൽനോട്ടം നിർവ്വഹിക്കുകയോ ചെയ്തിട്ടില്ല.

പൊതുമരാമത്ത് വകുപ്പിന്റെ വൈദ്യുതി വിഭാഗത്തിലെ ക്ഷമതയുള്ള എഞ്ചിനീയറിൽ നിന്നും 20 വാട്ട് എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കുന്നതിനു പ്രാബല്യത്തിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി, സാങ്കേതിക അനുമതി വാങ്ങിയ ശേഷമായിരുന്നു പ്രവൃത്തി ടെണ്ടർ ചെയ്യേണ്ടിയിരുന്നത്. എന്നാൽ ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയോ സാങ്കേതിക അനുമതി വാങ്ങുകയോ ചെയ്തിട്ടില്ല. ആയതിനാൽ സ്ഥാപിച്ച ലൈറ്റിന്റെ ഗുണനിലവാരത്തെ സംബന്ധിച്ചോ, അംഗീകരിച്ച നിരക്ക് (അധികമാണോ/കുറവാണോ എന്നത്) സംബന്ധിച്ചോ യാതൊരു വ്യക്തതയുമില്ല. അതുപോലെ, ക്ഷമതയുള്ള ഒരു എഞ്ചിനീയറുടെ സാങ്കേതിക മേൽനോട്ടത്തിലല്ല പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. നിർവ്വഹിച്ച പ്രവൃത്തി ആരും അളവെടുത്തിട്ടില്ല. പ്രവൃത്തിയുടെ സാങ്കേതിക ഗുണനിലവാരം ആരും സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത ലൈറ്റിന്റെയും ഫിറ്റിങ്ങുകളുടെയും ഗുണ നിലവാരം തട്ടിച്ചു നോക്കുന്നതിന് ക്ഷമതയുള്ള എഞ്ചിനീയറിൽ നിന്നുള്ള സാങ്കേതികാനുമതി (സ്പെസിഫിക്കേഷൻ) ഇല്ലാതിരുന്നതിനാൽ വിലയും, വാറണ്ടിയും മാത്രം അടിസ്ഥാനമാക്കിയാണ് ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്. ഇത് മരാമത്ത് പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച ചട്ടങ്ങളുടെ ലംഘനമാണ്.

2.കെ.എസ്.ഇ.ബി.യിൽ നിന്നും അനുമതി ലഭ്യമായിട്ടില്ല. പ്രവൃത്തി നിർവ്വഹിച്ചതിന്റെ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല.

എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളത് വണ്ടൂർ,പാണ്ടിക്കാട് ,തിരുവാലി ഇലക്ട്രിക്കൽ

ഡിവിഷനുകൾക്ക് കീഴിലുള്ള ഇലക്ട്രിക്പോസ്റ്റുകളിലാണ്.ഒരു ലൈറ്റിന് 150 രൂപ നിരക്കിൽ ഇൻസ്റ്റാൾ ചെയ്യാനുള്ള ചെലവുൾപ്പെടെയാണ് ഉഷ ഇലക്ട്രോണിക്സിന് നൽകിയിട്ടുള്ളത്.കെ.എസ് ഇ ബിയിൽ നിന്നും പെർമിഷൻ,സൂപ്പർവിഷൻ ചാർജ്ജ് എന്നിവ ഗ്രാമപഞ്ചായത്ത് വഹിക്കണമെന്ന് 09.03.18 ലെ 11/17-18നം.ഉടമ്പടിയിൽ പരാമർശിച്ചിട്ടുണ്ട്.എന്നാൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിനും, പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ചതിന്റെ സാക്ഷ്യ പത്രം നൽകുന്നതിനും കെ.എസ്.ഇ.ബി സബ് സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരോട് ആവശ്യപ്പെടുകയോ അനുമതി ലഭ്യമാകുകയോ, സാക്ഷ്യ പത്രം (ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ) ലഭിക്കുകയോ ചെയ്തിട്ടില്ല. ഇതിൽനിന്നും കെ.എസ്.ഇ.ബി.യുടെ അനുമതി ലഭിക്കാതെയാണ് പ്രൊജക്ട് നിർവ്വഹിച്ചിട്ടുള്ളത് എന്ന് കാണുന്നു.

നിലവിൽ 2014-15വർഷത്തിൽ കെ.എസ്.ഇ.ബിയും ,ഗ്രാമപഞ്ചായത്തും സംയുക്തപരിശോധന നടത്തിയതിൽ പ്രകാരമുള്ള സ്ട്രീറ്റ് ലൈറ്റുകൾക്കും എം എൽ എ ഫണ്ട് മുഖേന സ്ഥാപിച്ച് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള ഹൈമാസ്റ്റ് ലൈറ്റുകൾക്കും മാത്രമാണ് വൈദ്യുതിചാർജ് അടവാക്കിവരുന്നത്. ആയതിനാൽ, ഉയർന്ന വാട്സിലുള്ള സാധാരണ ബൾബുകൾ/ട്യൂബുകൾ എന്നിവക്ക് പകരം കുറഞ്ഞ വാട്ടുള്ള എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ചത് കെ.എസ്.ഇ.ബി യുടെ കണക്കിൽ വരാത്ത പക്ഷം, സ്ട്രീറ്റ് ലൈറ്റ് ചാർജിനത്തിൽ ഗ്രാമ പഞ്ചായത്ത് ഒടുക്കേണ്ട തുകക്ക് കുറവ് ലഭിക്കാതെ പോകുന്നതാണ് (.ഇതു സംബന്ധിച്ച് സംയുക്ത പരിശോധനയ്ക്ക് ഓഡിറ്റ് ശുപാർശചെയ്യുന്നു ).

3)ഗ്രാമപഞ്ചായത്ത് മെമ്പർമാർ ലഭ്യമാക്കിയിട്ടുള്ള പൂർത്തീകരണ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന് തുക അനുവദിച്ചിട്ടുള്ളത് .23.11.16 ലെ A2-1323/16 നം. ടെണ്ടർ നോട്ടീസ് പ്രകാരം ബജാജ്,ഓസ്റം,ക്രോമ്ഷൻ എന്നിവയിലേതെങ്കിലും ഒരു കമ്പനിയുടെ 20 വാട്സ് LED ലൈറ്റ് സ്ഥാപിക്കുന്നതിനാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത് എങ്കിലും ,സ്ഥാപിച്ചിട്ടുള്ള ലൈറ്റുകൾ മേൽ കമ്പനികളുടെതാണോ എന്ന കാര്യം മോണിട്ടറിങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

4)ഗ്രാമപഞ്ചായത്തിൽ തെരുവു വിളക്കുകളുടെ വിവരം രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററിൽ കെ.എസ്.ഇ.ബിയും ഗ്രാമപഞ്ചായത്തും സംയുക്തപരിശോധന നടത്തിയതിൽ പ്രകാരം വൈദ്യുതി ബിൽ അടവാക്കി വരുന്ന സ്ട്രീറ്റ് ലൈറ്റുകളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡ് തിരിച്ചുള്ള തെരുവുവിളക്കുകളുടെ വിവരം ലഭ്യമല്ല.നിലവിലെ പദ്ധതി പ്രകാരം സ്ഥാപിച്ച തെരുവുവിളക്കുകളുടെ ഒരു വിവരവും രജിസ്റ്ററിൽ ചേർത്തിട്ടില്ല.2016-17 വർഷത്തിലും ഇതേ കമ്പനി മുഖേന 251 എണ്ണം തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടായിരുന്നതാണെങ്കിലും പ്രസ്തുത തെരുവു വിളക്കുകൾ ഏത് പോസ്റ്റുകളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് (നമ്പറിങ് നടത്തിയിട്ടില്ല ) വിവരവും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

(5) തെരുവു വിളക്കുകൾക്ക് 36 മാസത്തെ വാറണ്ടി കാലാവധി കരാർ പ്രകാരം സ്ഥാപനം നൽകിയിട്ടുണ്ട്. ( ഏതെല്ലാം പോസ്റ്റുകളിലാണെന്ന് രേഖപ്പെടുത്തൽ ഇല്ല )പൊതുജനങ്ങൾക്ക് പരാതി നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള പരാതി പുസ്തകത്തിൽ തെരുവു വിളക്കുകൾ കത്താത്തതു സംബന്ധിച്ച് വ്യാപകമായ പരാതികൾ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടു. ഇത് സ്ഥാപിച്ച തെരുവു വിളക്കുകളുടെ ഗുണനിലവാരം സംബന്ധിച്ച് സംശയമുണർത്തുന്നതാണ്.

(6) K.S.E.B യിൽ നിന്നും ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.ആയത് ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/29.10.18) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 4,83,990/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-9 അംഗനവാടികളുടെ വൈദ്യുതീകരണം ,സി ഡി ,ഇ സി എൽ സി എന്നിവ അടവാക്കൽ പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ല്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നം. 2/18 (അംഗനവാടികളുടെ വൈദ്യുതീകരണം ,സി ഡി ,ഇ സി എൽ സി അടവാക്കൽ പദ്ധതി

വിനിയോഗിച്ച തുക – 46,180 രൂപ
(1)വൗച്ചർ നം.21700223/11.07.17 – 36,730 രൂപ (കെ എസ് ഇ ബി ,വണ്ടൂർ )
(2) വൗച്ചർ നം.21700224/11.07.17 – 7550 രൂപ (കെ എസ് ഇ ബി ,പാണ്ടിക്കാട് )
(3)വൗച്ചർ നം.21700225/11.07.17 – 1,900 രൂപ (കെ എസ് ഇ ബി ,തിരുവാലി)

നിർവ്വഹണം - സെക്രട്ടറി

പോരൂർ ഗ്രാമപഞ്ചായത്തിലെ വണ്ടൂർ,പാണ്ടിക്കാട് ,തിരുവാലി ഇലക്ട്രിക്കൽ ഡിവിഷനുകൾക്ക് കീഴിൽ വരുന്ന അംഗനവാടികളുടെ വൈദ്യുതീകരണം ,സി ഡി ,ഇ സി എൽ സി എന്നീ ഇനങ്ങളിൽ മേൽ കെ എസ് ഇ ബി ഇലക്ട്രിക്കൽ ഡിവിഷനുകളിൽ അടവാക്കി.

പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ ഓഡിറ്റിന് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1)മേൽ മൂന്ന് ഇലക്ട്രിക്കൽ ഡിവിഷനുകളിൽ പദ്ധതിയിൽ ഉൾപ്പെട്ട അംഗനവാടികളുടെ പേരുവിവരം
2)കെ എസ് ഇ ബി യിൽ നിന്നും ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം

3)പ്രവൃത്തി പൂർത്തീകരിച്ചതിന്റെയും ,പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെയും വിവരം
അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/30.10.18)മറുപടി ലഭ്യമാക്കിയില്ല.ആയത് ലഭ്യമാക്കുന്നത് വരെ ചെലവുതുക 46,180 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-10 കൺവീനർ പ്രവൃത്തികൾക്ക് 2 ശതമാനം ആദായനികുതി പിരിച്ച് അടവാക്കിയില്ല

2017-18 സാമ്പത്തിക വർഷത്തിൽ നിർവ്വഹണം പൂർത്തികരിച്ച് ബിൽ നൽകിയിട്ടുള്ള താഴെ പ്പറയുന്ന കൺവീനർ പ്രവർത്തികളിൽ നിശ്ചിത 2 ശതമാനം നിരക്കിലുള്ള ആദായനികുതി ഈടാക്കി അടവാക്കിയിട്ടില്ല.ബിൽ പ്രകാരം 1 ശതമാനം നിരക്കിലാണ് എല്ലാ കൺവീനർ മാരിൽ നിന്നും ആദായ നികുതി ഈടാക്കി അടവാക്കിയിട്ടുള്ളത് .സംയുക്തമായിട്ടുള്ള പാൻകാർഡിന്റെ പകർപ്പും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| | പ്രോജക്ട് | പേര് | പ്രവർത്തി മൂല്യം | ആദായ നികുതി | | |
|---|---|---|---|---|---|---|
| | | | | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
| 1 | 41/18 | ആനക്കെഴവൻപടി DWP<br>കൺവീനർ- സുബൈർ | 87508/-<br>ബിൽനം1//31.7.17<br>എംബുക്ക് 5/16-17 | 875 | 1750 | 875 |
| 2 | 70/18 | പാറക്കൽ റോഡ്<br>കൺവീനർ-ശശീധരൻ | 490000/-<br>ബിൽ നം2/17-18 /31.7.17<br>എംബുക്ക്34/16-17 | 4900 | 9800 | 4900 |
| 3 | 33/18 | ചേരിപ്പറമ്പ് റോഡ്<br>കൺവാൻ-സതീശൻ | 482397/-<br>ബിൽ നം3/17-18 /31.7.17<br>എംബുക്ക് 5/16-17 | 4284 | 8568 | 4284 |

| | | | | | | |
|---|---|---|---|---|---|---|
| 4 | 45/18 | നിരവിൽക്കുന്ന് റോഡ്<br>കൺവീനർ -ഹംസ | 482539/-<br>ബിൽ നം4/17-18 /31.7.17<br>എംബുക്ക്46/16-17 | 4825 | 9650 | 4825 |
| 5 | 86/18 | ചെരിപ്പറമ്പ്-പുളിച്ചിപ്പറമ്പ്<br>കൺവീനർ-സതീശൻ | 37728/-<br>ബിൽ നം5/17-18 /31.7.17<br>എംബുക്ക്45/16-17 | 377 | 754 | 377 |
| 6 | 80/18 | പുളിയക്കോട് റോഡ്<br>കൺവീനർ-നൗഷാദ് | 340508/-<br>ബിൽ നം6/17-18 /31.7.17<br>എംബുക്ക്42/16-17 | 3405 | 6810 | 3405 |
| 7 | 35/18 | ചുള്ളി-പാലക്കോട് റോഡ്<br>കൺവീനർ-ദേവദാസ് | 388466/-<br>ബിൽ നം7/17-18 /31.7.17<br>എംബുക്ക് 7/16-17 | 3788 | 7576 | 3788 |
| 8 | 41/18 | മനക്കൽപ്പടി റോഡ്<br>കൺവീനർ-ബിജുമോൻ | 433213/-<br>ബിൽ നം8/17-18 /31.7.17<br>എംബുക്ക്12/16-17 | 4332 | 8664 | 4332 |
| 9 | 78/18 | ചെറുകോട് കോട്ടക്കുന്ന്<br>കൺവീനർ-ഷൗക്കത്തലി | 290466/-<br>ബിൽ നം9/17-18 /31.7.17<br>എംബുക്ക്51/16-17 | 2905 | 5810 | 2905 |
| 10 | 56/18 | കോട്ടക്കുന്ന് റോഡ്<br>കൺവീനർ-ലത്തീഫ് | 2418876/-<br>ബിൽ നം10/17-18 /31.7.17<br>എംബുക്ക്57/16-17 | 2418 | 4836 | 2418 |
| 11 | 53/18 | തലപ്പൊളിപ്പറമ്പ് റോഡ്<br>കൺവീനർ-ഗോപിനാഥൻ | 292390/-<br>ബിൽ നം11/17-18 /31.7.17<br>എംബുക്ക്40/16-17 | 2924 | 5848 | 2924 |

| | | | | | | |
|---|---|---|---|---|---|---|
| 12 | 85/18 | ഷാപ്പിൻപ്പടി റോഡ്<br>കൺവീൻ-രാജൻ | 418360/-<br>ബിൽ നം12/17-18 /31.7.17<br>എംബുക്ക്58/16-17 | 4184 | 8368 | 4184 |
| 13 | 89/18 | ചേരിപ്പറമ്പ് റോഡ്<br>കൺവീൻ-ഗോപിനാഥൻ | 355784/-<br>ബിൽ നം13/17-18 /31.7.17<br>എംബുക്ക്51/16-17 | 3558 | 7116 | 3558 |
| 14 | 72/18 | പട്ടണം ക്കുണ്ട് റോഡ്<br>കൺവീനർ-അബ്ദുൾ നാസർ | 397238<br>ബിൽ നം14/17-18 /31.7.17<br>എംബുക്ക്60/16-17 | 3972 | 7944 | 3972 |
| 15 | 51/18 | കുനിയങ്ങാട് റോഡ്<br>കൺവീനർ-നൗഷാദ് | 484613/-<br>ബിൽ നം15/17-18 /31.7.17<br>എംബുക്ക്30/16-17 | 4846 | 9692 | 4846 |
| 16 | 91/18 | ചാളിപ്പാറ റോഡ്<br>കൺവീനർ-ഷീഹാബുദീൻ | 334471/-<br>ബിൽ നം16/17-18 /31.7.17<br>എംബുക്ക്47/16-17 | 3345 | 6690 | 3345 |
| 17 | 68/18 | ആശാരിപ്പറമ്പ് റോഡ്<br>കൺവീനർ ഫൈസൽ | 406448/-<br>ബിൽ നം17/17-18 /31.7.17<br>എംബുക്ക്48/16-17 | 4064 | 8128 | 4064 |
| 18 | 50/18 | അല്വക്കോട് റോഡ്<br>കൺവീന്ർ-സാബിദ് | 242300/-<br>ബിൽ നം23/17-18 /11.10.17<br>എംബുക്ക്44/16-17 | 2423 | 4846 | 2423 |
| 19 | 61/18 | മുതീരി ഉരുളംചെരി റോഡ്<br>കൺവീൻ -ഹൈദ്റൂ | 230044/-<br>ബിൽ നം25/17-18 /11.10.17<br>എംബുക്ക്19/16-17 | 2300 | 4600 | 2300 |

| | | | | | | |
|---|---|---|---|---|---|---|
| 20 | 32/18 | പാലക്കോട് സ്കൂൾ റോഡ് കൺവീനർ | 197399/- ബിൽ നം26/17-18 /11.10.17 എംബുക്ക് 1/16-17 | 1974 | 3948 | 1974 |
| 21 | 34/18 | ചെറുകോഡ് റോഡ് കൺവീനർ-വിശ്വനാഥൻ | 241710/- ബിൽ നം27/17-18 /11.10.17 എംബുക്ക് 5/16-17 | 2417 | 4834 | 2417 |
| 22 | 44/18 | അമ്മാത്തിൽ പടിറോഡ് കൺവീനർ-ഷബീർ അലി | 146186/- ബിൽ നം28/17-18 /11.10.17 എംബുക്ക്13/16-17 | 1462 | 2924 | 1462 |
| 23 | 81/18 | ചുണ്ടിയംമ്പറ്റ റോഡ് കൺവീനർ-മുകേഷ് | 131488/- ബിൽ നം29/17-18 /11.10.17 എംബുക്ക്66/16-17 | 1315 | 2630 | 1315 |
| 24 | 87/18 | ചുണ്ടിയംപ്പെറ്റകോളനി കൺവീന്ദ-മുകേഷ് | 49557/- ബിൽ നം30/17-18 /11.10.17 എംബുക്ക്67/16-17 | 496 | 992 | 496 |
| 25 | 88/18 | മാച്ചാട് കോളനി കൺവീനർ അസീസ് | 331801/- ബിൽ നം31/17-18 /11.10.17 എംബുക്ക്41/16-17 | 3318 | 6636 | 3318 |
| 26 | 55/18 | കാക്കൻകോട് റോഡ് കൺവീനർ-സോമൻ | 48775/- ബിൽ നം33/17-18 /11.10.17 എംബുക്ക്56/16-17 | 488 | 976 | 488 |
| 27 | 38/18 | ക്ലലി ഗ്രൗണ്ട് റോഡ് കൺവീനർ-വേണുഗോപാൽ | 316438/- ബിൽ നം35/17-18 /11.10.18 എംബുക്ക്26/16-17 | 3164 | 6328 | 3164 |

| | | | | | | |
|---|---|---|---|---|---|---|
| 28 | 52/18 | പുളിയക്കുന്ന് റോഡ്<br>കൺവീനർ -ഫീറോസ് | 291429/-<br>ബിൽ നം36/17-18 /21.10.07<br>എംബുക്ക് 5/16-17 | 2914 | 5824 | 2914 |
| 29 | 54/18 | മേലാന്നം റോഡ്<br>കൺവീനർ-ഉമ്മർ | 292500/-<br>ബിൽനം37/17-18 /21.10.17<br>എംബുക്ക്23/16-17 | 2925 | 5850 | 2925 |
| 30 | 40/18 | മനക്കൽപ്പടി റോഡ്<br>കൺവീനർ-അനീഷ് | 243750/-<br>ബിൽ നം38/17-18 /21.10.17<br>എംബുക്ക് 11/16-17 | 2438 | 4876 | 2438 |
| 31 | 37/18 | ചാളിപ്പാറ ജലനിധി റോഡ്<br>കൺവീനർ-നിസാമുദ്ധീൻ | 136500/-<br>ബിൽ നം40/17-18 /21.10.17<br>എംബുക്ക്25/16-17 | 1365 | 2730 | 1365 |
| 32 | 48/18 | അയനിക്കോട് സ്കൂൾ റോഡ്<br>കൺവീനർ-സീനത്ത് | 266804/-<br>ബിൽ നം41/17-18 /21.10.17<br>എംബുക്ക് 5/16-17 | 2668 | 5336 | 2668 |
| 33 | 59/18 | ചക്കരപ്പാടം റോഡ്<br>കൺവീനർ-സക്കീർ ഹുസൈൻ | 176422/-<br>ബിൽ നം42/17-18 /21.10.17<br>എംബുക്ക്52/16-17 | 1764 | 3528 | 1764 |
| 34 | 94/18 | പകൽവീട് നിർമ്മാണം<br>കൺവീനർ -കറുപ്പൻക്കുട്ടി | 449778/-<br>ബിൽ നം56/17-18 /21.10.17<br>എംബുക്ക്69/16-17 | 4498 | 8996 | 4498 |
| 35 | 43/18 | മില്ലുംപടി റോഡ്<br>കൺവീനർ-അബ്ദുൽകരീം | 341417/-<br>ബിൽ നം43/17-18 /21.10.17<br>എംബുക്ക്26/16-17 | 3152 | 6304 | 3152 |

| | | | | | | |
|---|---|---|---|---|---|---|
| 36 | 67/18 | അംഗനവാടി റിപ്പയർ<br>കൺവീനർ-ഇന്ദിര | 225757/-<br>ബിൽ നം42/17-18<br>/21.10.17<br>എംബുക്ക്52/16-17 | 2258 | 4516 | 2258 |
| | | | | | ആകെ | 102341 |

## 3-11 റോഡ് കോൺക്രീറ്റ് -ക്വാറിമക്ക് ഉപയോഗം സംബന്ധിച്ച്

റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ 1:4 :8 ,1:2 : 4 എന്നിവയ്ക്ക് പുറമേ 10 സെ.മി കനത്തിൽ ക്വാറിമക്ക് ഉപയോഗിക്കുന്നതായി കാണുന്നു .ആകെ 27.5 സെ.മി കനത്തിൽ കോൺക്രീറ്റ് നടത്തുന്നുണ്ട് വെള്ളകെട്ടുള്ള സ്ഥലങ്ങളുണ്ടെങ്കിൽ മാത്രം (എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറഞ്ഞിരിക്കണം ) ഉപയോഗിക്കേണ്ട ക്വറിമക്ക് എല്ലായിടത്തും ഉപയോഗിത്തക്ക വിധത്തിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

## 3-12 ചെലവുരേഖകൾ/പൂർത്തീകരണ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2017-18 വർഷത്തിൽ ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും പ്ലാൻ ഫണ്ടിൽ നിന്നും താഴെ പറയുന്ന ഇനങ്ങളിൽ തുക ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ചെലവുകളുടെ രേഖകൾ/പൂർത്തീകരണ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമനം. | വൗച്ചർ നം./തീയ്യതി | വിനിയോഗിച്ച തുക | ചെലവിന്റെ വിശദവിവരം |
|---|---|---|---|
| 1 | 21700754/19.03.18<br>ചെക്ക് നം.-583251/17.03.18 | 26,250 രൂപ | പ്രോജക്റ്റ് നം. 262/18,ജില്ലാ ഓഫീസർ ,ഭൂഗർഭ ജലവകുപ്പ് ,മലപ്പുറത്തിന് ഫ്ളഷിംഗ് ചാർജ് ഇനത്തിൽ നൽകിയ തുക. ഗ്രാമപഞ്ചായത്തിലെ അഞ്ച് കുഴൽ കിണറുകളിലെ ജല ലഭ്യത പരിശോധിക്കുന്നതിന് ,കിണർ ഒന്നിന് 5250 രൂപ പ്രകാരം26,250രൂപ .<br>-പ്രവൃത്തി പൂർത്തീകരിച്ചതിന്റെ റിപ്പോർട്ട് ,കുഴൽ കിണറുകൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. |
| 2 | 21700262/08.12.17 | 3782 രൂപ | ഹെഡ്മാസ്റ്റർ, യു എം എ എൽ പി എസ് , ചാത്തങ്ങോട്ടുപുറത്തിന് അവിടെവെച്ച നടന്ന സ്ക്രീനിങ്ങുമായി ബന്ധപ്പെട്ട ചെലവുതുക<br>- ചെലവുരേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. |
| 3 | 21700755/19.03.18<br>ചെക്ക് നം.-5832522/17.03.18 | 2,00,000 രൂപ | പ്രോജക്റ്റ് നം. 261/18,സമഗ്ര കുടിവെള്ളപദ്ധതി സർവ്വേ. ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണ പദ്ധതിക്കായി പ്രധാനറോഡുകളുടെയും മറ്റും സർവ്വേ മാപ്പ് തയ്യാറാക്കുന്നതിന് കേരള ജലഅതോറിറ്റി |

| | | | |
|---|---|---|---|
| | | | എക്സി.എഞ്ചിനീയർ,പ്രോജക്റ്റ് ഡിവിഷൻ ,മലപ്പുറത്തിന് നൽകിയ തുക.09.03.18പോത്രർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും കേരള ജലഅതോറിറ്റി എക്സി.എഞ്ചിനീയറും ഒപ്പുവെച്ച കരാർ പ്രകാരം 2018 ആഗസ്റ്റ് മാസത്തിൽ പ്രവൃത്തി ആരംഭിക്കുന്നതും എത്രയും പെട്ടെന്ന് പൂർത്തീകരിക്കുമെന്നും വ്യവസ്ഥ ചെയ്തിരുന്നതാണ്.<br>-പ്രവൃത്തിയുടെ തുടർനടപടി വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. |
| 4 | 21700028/12.04.17 | 17,550 രൂപ | അനിശ്രീ, ഓവർസീയർ,(ദിവസവേതനം ) ക്ക് 2017 മാർച്ച് മാസത്തെ വേതനം ഇനത്തിൽ നൽകിയ തുക (26*675)<br>- തുക കൈപ്പററിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 5 | 21700193/30.06.17 | 3,500 രൂപ | എം ജി എൻ ആർ ജി എസ് പദ്ധതിക്ക് വേണ്ടി സോഷ്യൽ ഫോറസ്ട്രി നല്ലംതണ്ണിയിൽ നിന്നും വൃക്ഷതൈകൾ ഗ്രാമപഞ്ചായത്തിലെത്തിക്കുന്നതിന് നൽകിയ തുക<br>- വൃക്ഷതൈകൾ എത്തിച്ച വാഹനത്തിന്റെ നമ്പർ, ഡ്രൈവറുടെ വിവരം ,സഞ്ചരിച്ച ദൂരം എന്നിവ വ്യക്തമായി രേഖപ്പെടുത്തിയ ട്രിപ്പ്ഷീറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. |
| 6 | 21701039/24.03.18<br>ബിൽ നം.30/17-18 /24.03.18<br>(പ്ലാൻ ഫണ്ട്) | 3,50,075 രൂപ | പ്രോജക്റ്റ് നം. 263/18,വണ്ടൂർ,പാണ്ടിക്കാട് പി ഡബ്ളിയു റോഡിലെ പഞ്ചായത്ത് പരിധിയിൽ സ്ട്രീറ്റ് ലൈററ് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ പദ്ധതി പ്രകാരം കെ എസ് ഇ ബി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം കെ എസ് സി ബി ഇലക്ട്രിക്കൽ സെക്ഷൻ ,വണ്ടൂരിന് ഡെപ്പോസിറ്റ് വർക്കായി 21.03.18 ലെ 1/17-18 നം. ഉടമ്പടി പ്രകാരം നൽകിയ തുക ,2018 ജൂൺ 30 ന് പ്രവൃത്തി പൂർത്തീകരിച്ച് ഒരാഴ്ചക്കകം പൂർത്തീകരണ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്തിന് നൽകാമെന്നാണ് ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.<br>- പ്രവൃത്തിയുടെ പൂർത്തീകരണവിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. |
| 7 | 21700177/23.06.17 | 24,726 രൂപ | പ്ലാപ്പററകുന്ന് പൊതുകിണർ റിപ്പയറിനായി 9147 രൂപ പ്രസ്തുത വൗച്ചർ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത കിണർ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| 8 | 21700185/23.06.17 | 4525രൂപ | കാക്കങ്ങോട് പൊതുകിണർ റിപ്പയറിനായി ചെലവഴിച്ച തുക.പ്രസ്തുത കിണർ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. |

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (നം.09/29.10.18)രേഖകൾ ലഭ്യമാക്കുന്നതാണെന്ന മറുപടി ലഭിച്ചു.ആയത് ലഭ്യമാക്കുന്നതുവരെ ക്രമനം.മൂന്ന് ഒഴികെ ചെലവുതുക 4,30,408രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-13 ലൈബ്രറിക്ക് പുസ്തകംവാങ്ങൽ -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്റ്റ് നം.106/17 (പഞ്ചായത്ത് ലൈബ്രറിക്ക് പുസ്തകംവാങ്ങൽ പദ്ധതി )

വിനിയോഗിച്ച തുക -1,00,000 രൂപ (പ്ളാൻ ഫണ്ട് ) ബിൽ നം. - 2/17-18/ 23.06.2017

വൗച്ചർ നം. -21700820/23.06.17 നിർവ്വഹണം - സെക്രട്ടറി ,പോരൂർ ഗ്രാമപഞ്ചായത്ത്

പദ്ധതി പ്രകാരം വായനാശീലം പരിപോഷിപ്പിക്കുക എന്ന ഉദ്ദേശത്തോടെ പോരൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പ്രയദർശിനി വായനശാലക്ക് ബുക്ക്മാർക്ക് കേരള മുഖേന പുസ്തകം വാങ്ങി നൽകുന്നതാണ് പ്രോജക്റ്റ്. പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)വാങ്ങിയ മുഴുവൻ പുസ്തകങ്ങളും ഗ്രാമപഞ്ചായത്തിലെ ഒരു അലമാരയിൽ പൊടിപിടിച്ച് കിടക്കുന്ന കാഴ്ചയാണ് ഓഡിറ്റിന് കാണാൻ കഴിഞ്ഞത്. ആയത് നമ്പറിട്ട് സീൽ പതിച്ച് വായനശാലക്ക് കൈമാറിയിട്ടില്ല.

2)വായനശാല സന്ദർശിച്ചതിൽ ,ആയത് തുറന്നു പ്രവർത്തിക്കുന്നില്ല എന്ന് വ്യക്തമായി .വായനശാലക്ക് ലൈബ്രറിയനെ നിയമിച്ചിട്ടില്ല.കൂടാതെ മെമ്പർമാരുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നിരവധി പുസ്തകങ്ങൾ മുൻപുതന്നെ ഉണ്ടായിരുന്നെങ്കിലും ആയതിന്റെ കൃത്യമായ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയവയും അടുക്കും ചിട്ടയുമില്ലാതെ പൊടിപിടിച്ചു കിടക്കുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്.നിലവിൽ വൈദ്യുതി ബന്ധം പോലും വിഛേദിച്ച നിലയിലാണുള്ളത്.

അടിസ്ഥാന സൗകര്യം ഒരുക്കാതെ , പ്രവർത്തിക്കാത്ത ലൈബ്രറിക്ക് പുസ്തകം വാങ്ങി നൽകുകയാണ് ചെയ്തിട്ടുള്ളത്. അപാകതകൾക്ക് കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/29/10.18) നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന മറുപടി ലഭിച്ചു.അപാകതകൾ പരിഹരിച്ച് കൃത്യമായ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കേണ്ടതും ലൈബ്രറി പ്രവർത്തനക്ഷമമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവുതുക 1,00,000രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്

## 3-14 ഔദ്യോഗിക വാഹനത്തിന് ടയർ വാങ്ങിയത് സംബന്ധിച്ച്

വൗച്ചർ നം.21700117/23.05.17 പ്രകാരം 24,720 രൂപ (ചെക്ക് നം. 10963/23.05.17 )ചെലവഴിച്ച് ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന് (KL 71 6064 Mahindra Xylo(D4))ക്വട്ടേഷൻ മുഖേന നാലു ടയറുകൾ വാങ്ങിയിട്ടുണ്ട് . ഇതുസംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ടയർ വാങ്ങുന്നതിനായി വിളിച്ച ക്വട്ടേഷൻ നോട്ടീസ് ഫയലിൽ ഇല്ല. ക്വട്ടേഷൻ വിളിച്ചതിന്

ഗ്രാമപഞ്ചായത്തിന്റെ പർച്ചേസിംഗ് കമ്മറ്റിയുടെ അംഗീകാരവും ഇല്ല.കാരണം വ്യക്തമല്ല.

2)ടയർ വാങ്ങുന്നതു സംബന്ധിച്ച് പരിശോധന നടത്തി പി ഡബ്ളിയു ഡി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ,മെക്കാനിക്കൽ സബ്ഡിവിഷൻ ,മഞ്ചേരി നൽകിയ 15.02.17 ലെ ഡി 2/6064/PT നം. കത്തിൽ 2 ടയറുകൾ മാറ്റിയിടാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ മേൽ വൗച്ചർ പ്രകാരം കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഇൻഫോർ വീൽകെയർ ടയേഴ്സ് ,നിലമ്പൂർ എന്ന സ്ഥാപനത്തിൽ നിന്നും നാലു ടയറുകൾ വാങ്ങി ഫിറ്റുചെയ്യുകയാണ് ചെയ്തിട്ടുള്ളത്.

3)മുൻ ഭാഗത്തെ രണ്ട് ടയറുകൾ മാറ്റാനായിരുന്ന ക്വട്ടേഷൻ എന്ന് ലഭ്യമായ ക്വട്ടേഷനുകൾ പരിശോധിച്ചതിൽ വ്യക്തമായി . ആയതിന് ഒന്നിന് 5800 രൂപ (കുറഞ്ഞ തുക) ക്വാട്ട് ചെയ്തതിൽ പ്രകാരമാണ് ഇൻഫോർ വീൽകെയർ ടയേഴ്സ് ,നിലമ്പൂർ എന്ന സ്ഥാപനത്തിൽ നിന്നും ടയർ വാങ്ങി സ്ഥാപിച്ചത് . എന്നാൽ പിന്നീട് നൽകിയ രണ്ടു ടയറുകൾക്ക് ഒന്നിന് 6000രൂപവെച്ചാണ് സ്ഥാപനം ഈടാക്കിയിട്ടുള്ളത് എന്നതിനാൽ അധിക ചെലവുണ്ടായിട്ടുണ്ട്.

4)ക്രമപ്രകാരമല്ലാതെ മാറ്റിയ ഉപയോഗപ്രദമായ രണ്ട് ടയറുകൾ എന്തുചെയ്തുവെന്ന് വ്യക്തമാക്കല്ല.
അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള(നം.11/29.10.18) മറുപടിയിൽ മാറ്റിയ ടയറുകൾ ഗ്രാമപഞ്ചത്തിൽ സൂക്ഷിച്ചുണ്ടെന്നറിയിച്ചു.അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്

## 3-15 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -അപാകം

2017-18 വർഷത്തിൽ താഴെ പറയും പ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളുംടെണ്ടർ /ക്വട്ടേഷൻ കൂടാതെ കേന്ദ്രീയ ഭണ്ഡാർ ,കെച്ചിൻ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്.

| ക്രമനം. | വൗച്ചർ നം./തീയ്യതി | വിനിയോഗിച്ച തുക | ചെലവിന്റെ വിശദവിവരം |
|---|---|---|---|
| 1 | 21700262/27.07.17<br>ചെക്ക് നം.-10742/27.07.17<br>(തനത്ഫണ്ട് ) | 1,67,428രൂപ | എൻ ആർ ഇ ജി എസ് വിഭാഗത്തിനാവശ്യമായ കമ്പ്യൂട്ടർ , സ്കാനർ,പ്രന്റർ, യു പി എസ് , ടൂബുലർ ബാറ്ററികൾ എന്നിവ വാങ്ങുന്നതിനായി വിനിയോഗിച്ച തുക |
| 2 | 21700823/23.06.17<br>ബിൽ നം. 1/17-18 /23.06.2017 | 37,660 രൂപ | പ്രോജക്റ്റ് നം.13/18 (സ്പിൽ ഓവർ ) പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ പദ്ധതി പ്രകാരം മോണിറ്റർ(2) ,സ്കാനർ(1) ,പ്രിന്റർ (2)എന്നിവ വാങ്ങുന്നതിനായി വിനിയോഗിച്ച തുക |
| 3 | 21700824/24.06.17<br>ബിൽ നം. 3/17-18 /24.06.2017 | 85,173 രൂപ | പ്രോജക്റ്റ് നം.11/18 (സ്പിൽ ഓവർ ) , പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും,പ്രന്ററും, സ്കാനറും വാങ്ങൽ പദ്ധതി പ്രകാരം ഡെസ്ക്ടോപ്പ് (1) , സ്കാനർ(1) ,പ്രിന്റർ (3)എന്നിവ വാങ്ങുന്നതിനായി വിനിയോഗിച്ച തുക |

ടെണ്ടർ /ക്വട്ടേഷൻ കൂടാതെ കേന്ദ്രീയ ഭണ്ഡാർ ,കൊച്ചിൻ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് (നം.13/29.10.18)നൽകിയ മറുപടിയിൽ, കേന്ദ്രീയ ഭണ്ഡാർ ,കൊച്ചിൻ എന്ന സ്ഥാപനത്തിന്റെ ഡിവിഷണൽ മാനേജറുടെ DOPTO.M നം.14/12/94 Welfare (Volume 2) dt.05.07.07 നം ഉത്തരവ് പ്രകാരമാണ് വാങ്ങിയതെന്ന മറുപടി ലഭിച്ചു.

വിശദാംശങ്ങൾ പരിശോധിച്ചതിൽ കേന്ദ്രീയ ഭണ്ഡാർ ,കൊച്ചിൻ എന്ന സ്ഥാപനം ഗവ.ഓഫ് ഇൻഡ്യാ നിയന്ത്രണത്തിലുള്ള ഒരു സൊസൈറ്റിയാണെന്ന് ബോധ്യമായി .ഇത്തരം സൊസൈറ്റികളിൽ നിന്നും ഈ ഉത്തരവിന് ശേഷം ഇറങ്ങിയ 2013ലെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം ടെണ്ടർ/ക്വട്ടേഷൻ ഇല്ലാതെ വാങ്ങുന്നതിന് അനുമതിയില്ലാത്തതിനാൽ ,ടെണ്ടർ/ക്വട്ടേഷൻ ഇല്ലാതെയും ഇക്കാര്യത്തിൽ യാതൊരു പരിശോധനയും കൂടാതെയും കമ്പ്യൂട്ടറും മറ്റു അനുബന്ധ ഉപകരണങ്ങളും വാങ്ങിയ നടപടി ക്രമപ്രകാരമല്ല. കൂടാതെ ,ഉപകരണങ്ങളുടെ കാര്യക്ഷമതയെപറ്റി ഗ്രാമപഞ്ചായത്തിലെ ടെക്നിക്കൽ അസിസ്ററന്റിന്റെ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.
സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മാത്രം വാങ്ങലുകൾ നടത്തുവാൻ കൂടുതൽ ശ്രദ്ധപുലർത്തേണ്ടതാണ്.

## 3-16 മരാമത്ത്, വൈദ്യുതി, ഊർജ്ജം- പ്രവൃത്തികൾ- നിർവ്വഹണം അസി.എൻജിനീയറെ ഏൽപ്പിക്കണം

പതിമൂന്നാം പഞ്ചവൽസര പദ്ധതിമാർഗ്ഗരേഖയുടെ അനുബന്ധം I പ്രകാരം പൊതു മരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ) വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനറും, പ്രസ്തുത പ്രൊജക്ടുകളുടെ നിർവ്വഹണ ചുമതലയുള്ള ഉദ്യോഗസ്ഥനും അസി. എൻജിനീയറാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ ചുവടെ ചേർത്തിട്ടുള്ള മരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പടെ) വർക്കിംഗ് ഗ്രൂപ്പിന്റെ കീഴിലുള്ള പ്രൊജക്ടുകൾ അസി. എൻജിനീയർ നിർവ്വഹണം നടത്തുന്നതിന് പകരം മെഡിക്കൽ ഓഫീസർ, ഹെഡ് മാസ്റ്റർ എന്നിവരാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്.

| ക്ര.ന | പ്രൊജക്ടിന്റെ പേര് | അടങ്കൽ/ചെലവ് | നിർവ്വഹണം നടത്തിയ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 01 | PHC പുതിയ ബ്ലോക്ക് വയറിംഗ്- SO 29/18 | 83709/ 10000 | മെഡിക്കൽ ഓഫീസർ |
| 02 | എരവിമംഗലം സബ്സെന്റർ വയറിംഗ്- SO 30/18 | 83633/ 10000 | മെഡിക്കൽ ഓഫീസർ |
| 03 | GLPS പോത്തൂർ- ഹാൾ ഇലക്ട്രിഫിക്കേഷൻ- SO 26/18 | 65000/ 69290 | ഹെഡ് മാസ്റ്റർ |

മരാമത്ത്, വൈദ്യുതി, ഊർജ്ജം എന്നീ മേഖലയിലെ എസ്റ്റിമേറ്റ്, മൂല്യ നിർണ്ണയം എന്നിവ ആവശ്യമായ പ്രൊജക്ടുകൾ ബന്ധപ്പെട്ട മേഖലയിൽ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തേണ്ടതാണ്. മേൽ വിഷയത്തിലേക്ക് വർക്കിംഗ് ഗ്രൂപ്പുകളുടെയും, പഞ്ചായത്ത് ഭരണ സമതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-17 കെട്ടിട നിർമ്മാണം -പ്രൊഫൈൽ ഷീറ്റിന് അധികനിരക്ക് അനുവദിച്ചു

അസി.എൻജിനിയർ നിർവ്വഹണം നടത്തിയിട്ടുള്ള കെട്ടിട നിർമ്മാണ പ്രവർത്തികളിൽ പ്രൊഫൈൽ ഷീറ്റ് വർക്ക് ചെയ്തത് സംബന്ധിച്ച പ്രദേശിക പരിശോധ നടത്തുകയുണ്ടായിപരിശോധനയിൽ കണ്ട അപാകതകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു

(1)

| | |
|---|---|
| പൂത്രക്കോവ് ഹെൽത്ത് സെൻറർ ടോയ് ലററ് നിർമ്മാണം | പ്രോജക്റ്റ് നം 93/18 |
| അടങ്കൽ 274000 | ചെലവ് -262819 |
| ബിൽ നം -88/17-18/22.3.2018 | കൺവീനർ -പ്രസന്ന |
| എംബുക്ക് -71/16-17 | നിർവ്വഹണം -എ.ഇ |
| എംബുക്ക് പ്രകാരം അനുവദിച്ചത് | പ്രദേശിക പരിശോധനയിൽ |
| ഐറ്റം നം 26 (പേജ് 36 )0.35 mm G.I ഷീറ്റ് മേയൽ 17.325 എം2 ന്ന് @559/എം2 നിരക്കിൽ 9684.68/-രൂപ അനിവദിച്ചു | പ്രദേശിക പരിശോധനയിൽ 0.30 mm G.I ഷീറ്റ് ആണ് ഉപയോഗി ച്ചിട്ടുള്ളതെന്ന് കണ്ടു.<br>ആയതിൻെറ നിരക്ക് 442.90 /എം2<br>ആണ് (cost index 36.19 -od )അധിക നിരക്കിൽ 116.10/എം2 നൽകിയത് സംബന്ധിച്ച് വിശദീകരണംലഭ്യമാക്കേണ്ടതാണ് |

(2)

| | |
|---|---|
| പുളിയക്കോട് അംഗനവാടി റിപ്പയർ | പ്രോജക്റ്റ് നം 66/18 |
| അടങ്കൽ -140000 | ചെലവ് -130630 |
| ബിൽ നം -45/17-18 /8.1.2018 | കൺവീനർ -ഷമീം ബാബു |
| എംബുക്ക് -39/16-17 | നിർവ്വഹണം -എ.ഇ |
| എംബുക്ക് പ്രകാരം അനുവദിച്ചത് | പ്രദേശിക പരിശോധനയിൽ കണ്ടെത്തിയത് |
| ഐറ്റം നം 05 (പേജ് 16 )0.35 mm G.I ഷീറ്റ് മേയൽ 34.65 എം2 ന്ന് @559/എം2 നിരക്കിൽ 19369/-രൂപ അനിവദിച്ചു | പ്രദേശിക പരിശോധനയിൽ 0.30 mm G.I ഷീറ്റ് ആണ് ഉപയോഗിച്ചിട്ടുള്ളതെന്ന് കണ്ടു.ആയതിൻെറ നിരക്ക് 442.90 /എം2ആണ് (കോസ്റ്റ് ഇൻഡക്സ് -36.19 od)അധിക നിരക്കിൽ 116.10/എം2 നൽകിയത് സംബന്ധിച്ച് വിശദീകരണംലഭ്യമാക്കേണ്ടതാണ് |

(3)

| | |
|---|---|
| കോട്ടക്കുന്ന് സബ്സെൻെറർ വരാന്ത നിർമ്മാണം | പ്രോജക്റ്റ് നം 205/18 |
| അടങ്കൽ 100000 | ചെലവ് -89098 |
| ബിൽ നം -48//17-18 /24.11.2017 | കൺവീനർ -ജ്യോതി പ്രഭ |

| എംബുക്ക് -68/16-17 | നിർവ്വഹണം -എ.ഇ |
|---|---|
| എംബുക്ക് പ്രകാരം അനുവദിച്ചത് | പ്രദോശിക പരിശോധന വിവരം |
| ഐറ്റം നം 4 (പേജ് 05)0.35 mm G.I ഷീറ്റ് മേയൽ 44.46 എം2 ന്ന് @559/എം2 നിരക്കിൽ 24823/-രൂപ അനിവദിച്ചു | പ്രദോശിക പരിശോധനയിൽ 0.30 mm .I ഷീറ്റ് ആണ് ഉപയോഗിച്ചിട്ടുള്ളതെന്ന് കണ്ടു. ആയതിൻെറ നിരക്ക് 442.90 /എം2(കോസ്റ്റ് ഇൻഡക്സ്സ 36.19-od ) ആണ് അധിക നിരക്കിൽ 116.10/എം2 നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് |

പൊതുമരാമത്ത് പ്രവർത്തികളിൽ ചെക്ക് മെഷർ വേളയിൽ എസ്ററിമെറ്റ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഇനങ്ങൾ സ്പെസിഫിക്കേഷൻ പ്രകാരമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.അധിക നിരക്ക് നൽകിയത് സംബന്ധിച്ച് പഞ്ചായത്ത് പരിശോധന നടത്തി നടപടി സ്വീകരിക്കേണ്ടതാണ്

## 3-18 ആശ്രയ പദ്ധതി -അവലോകനം

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ ജനങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ അതിജീവനമാണ് ആശ്രയ പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത്. അഗതികൾക്ക് പാർപ്പിട യോഗ്യമായ വീട്, വീട് നിർമ്മിക്കാൻ സ്ഥലമില്ലാത്തവർക്ക് ഭൂമി, വീട് റിപ്പയർ, സാനിറ്ററി കക്കൂസ്, കുടിവെള്ളം, ഭക്ഷണം, ചികിൽസ, വസ്ത്രം തുടങ്ങിയ ഭൗതിക സൗകര്യങ്ങളും, പെൻഷൻ, സ്വയം തൊഴിൽ പരിശീലനം മുതലായ ജീവനോപാധികളും നൽകുക എന്നിവയാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പോരുർ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ ആശ്രയ പദ്ധതിയുടെ ലക്ഷ്യപ്രാപ്തി സംബന്ധിച്ച അവലോകനം താഴെ ചേർക്കുന്നു

A. ചെലവ് വിവരം/ നടപ്പാക്കിയ പ്രൊജക്ടുകൾ.

a). I- ാം ഘട്ടം (2009-12)

| ലക്ഷ്യം | പ്രൊജക്ട് പ്രകാരം വിഭാവനം ചെയ്തത് | നടപ്പിലാക്കിയത് | പ്രതീക്ഷിത ചെലവ് | യഥാർത്ഥ ചെലവ് |
|---|---|---|---|---|
| സ്ഥലം വാങ്ങൽ | | | | |
| ഭവന നിർമ്മാണം | | | | |
| ചികിത്സ | 121500 | 0 | 121500 | 0 |
| ഭക്ഷണ വിതരണം | 243000 | 0 | 243000 | 243000 |
| വിദ്യാഭ്യാസം | 46000 | 0 | 46000 | 46000 |
| കക്കൂസ് | 0 | 0 | 0 | 0 |
| കിണർ | 0 | 0 | 0 | 0 |

| | | | | |
|---|---|---|---|---|
| തൊഴിൽ യൂണിറ്റ് | 0 | 0 | 0 | 0 |
| പദ്ധതി നിർവ്വഹണം | | | | |
| ആകെ | | | 410500 | 289000 |

ഓഡിറ്റ് നിരീക്ഷണം.

1). പദ്ധതിതിയുടെ ഒന്നാം ഘട്ടത്തിൽ മൊത്തം 410500/- രൂപയുടെ സൗകര്യങ്ങളും സേവനങ്ങളും നൽകുന്നതിനായിരുന്ന പദ്ധതി വിഭാവനം ചെയ്തിരുന്നതെങ്കിലും 289000/- രൂപമാത്രമാണ് ചെലവഴിച്ചത്, കേവലം 70 %മാത്രം ചെലവഴിച്ചു.

2). പദ്ധതിതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കിയിട്ടില്ല.

3). പദ്ധതിയുടെ ഗുണഭോക്താക്കളെ (അഗതികളെ) തെരഞ്ഞെടുത്ത ശേഷം അവർക്ക് ആവശ്യമായ സൗകര്യങ്ങളും, സേവനങ്ങളുമാണ് പദ്ധതിയുടെ ഭാഗമാക്കേണ്ടിയിരുന്നത്.

4). പാർപ്പിട യോഗ്യമായ വീട്, വീട് നിർമ്മിക്കാൻ സ്ഥലമില്ലാത്തവർക്ക് ഭൂമി, വീട് റിപ്പയർ, സാനിറ്ററി കക്കൂസ്, കുടിവെള്ളം, ചികിൽസ, വസ്ത്രം തുടങ്ങിയ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിലും, പെൻഷൻ, സ്വയം തൊഴിൽ പരിശീലനം എന്നിവ നൽകുന്നതിലും പദ്ധതി ലക്ഷ്യം കൈവരിക്കാനായിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

5). സാമൂഹികമായും സാമ്പത്തികമായും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ നിലനിൽപ്പിനും അതിജീവനത്തിനും വേണ്ടി വിഭാവനം ചെയ്ത പ്രൊജക്ട് ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും പോരായ്മകൊണ്ട് കേവലം നിർജ്ജീവമായ പദ്ധതിയായി മാറിയെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

6). പദ്ധതിയുടെ നിർവ്വഹണ ഘട്ടങ്ങളിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയോ, പഞ്ചായത്ത് ഭരണ സമിതിയുടെയോ ഇടപെടലുകൾ ഇല്ലാത്തത് പദ്ധതിയുടെ പരാജയത്തിന്റെ മുഖ്യ കാരണമായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-19 മരാമത്ത് പ്രവൃത്തികൾ അവലോകനം

2017-18 ൽ ആകെ 153 മരാമത്ത് പ്രവൃത്തികൾക്കാണ് അംഗീകാരം ലഭ്യമായത്. ആയതിൽ 107 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. നടപ്പിലാക്കിയ പദ്ധതികളിൽ 61 എണ്ണവും സ്പിൽ ഓവർ പദ്ധതികളാണ്.പശ്ചാത്തലമേഖലയിൽ 36197707/- രൂപ വകയിരുത്തിയതിൽ 23008717 /- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്(64%).പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് യോഗം കൂടിയത് സംബന്ധിച്ച് മിനിറ്റ്സ് രേഖപ്പെടുത്തൽ പൂർണ്ണമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദേശിക്കുന്ന പദ്ധതികളിൽ അംഗീകാരം ലഭ്യമായവ സമയബന്ധിതമായി നടപ്പാക്കാൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റി യുടെ ഭാഗത്ത് നിന്നും വേണ്ടത്ര ശ്രദ്ധ ഉണ്ടായതായി കാണുന്നില്ല. കൂടുതൽ പ്രൊജക്കുകൾ ഉൾപ്പെടുത്തുന്നതും ആനുപാതികമായി അടിസ്ഥാന സൗകര്യം സൃഷ്ടിക്കപ്പെടാത്തതും പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് തടസ്സമാകുന്നു,അംഗീകാരം ലഭ്യമാക്കിയ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ സ്ഥിരം സമിതികളും നിർവ്വഹണോദ്യോഗസ്ഥരും കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്

റോഡ് കണക്ടിവിറ്റി പ്ളാനും മാപ്പും തയ്യാറാക്കിയിട്ടില്ല.

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി പ്ളാനും റോഡ് കണക്ടിവിറ്റി മാപ്പും നിർബന്ധമായും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ സർക്കാരിന്റെ നിർദ്ദേശമുള്ളതാണ്.എന്നാൽ നാളിതുവരെയും റോഡ് കണക്ടിവിറ്റി പ്ളാനും റോഡ് കണക്ടിവിറ്റി മാപ്പും

തയ്യാറാക്കിയിട്ടില്ല.ആയത് തയ്യാറാക്കേണ്ടതും ഈ കണക്കിവിറ്റി പ്ളാനിൽ നിലവിലുള്ള റോഡുകളുടെ വിപുലീകരണവും അറ്റകുറ്റപണിയും ഉൾകൊള്ളിക്കേണ്ടതുമാണ്

കൺവീനർമാർ മുഖേന ചെയ്ത മരാമത്ത് പ്രവർത്തി അപാകതകൾ

ഗ്രാമ പഞ്ചായത്ത് 2017-18 വർഷങ്ങളിൽ ഗുണ. സമിതി മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.
കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് ചട്ടം 13 വകുപ്പിൽ ഗുണ .സമിതി മുഖേന നടപ്പാക്കിയ 51 പ്രവൃത്തികളിൽ സമിതി രൂപീകരണം, പ്രവർത്തനം, തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ , ബില്ലുകൾ അനുവദിക്കൽ എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ മിക്കതിലും ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ മുഴുവനായും പാലിച്ചതായി കാണുന്നില്ല.പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും തൊട്ടടുത്ത സഹകരണ ബാങ്കിൽ/ഗ്രാമീണ ബാങ്കിൽ സമിതി ചെയർമാന്റെയും , കൺവീനറുടെയും പേരിൽ ആരംഭിക്കുന്ന സംയുക്ത അക്കൗണ്ടിൽ കൂടി മാത്രമേ നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് കൺവീനർമാർ മുഖേന നടപ്പാക്കിയ ഒരു പ്രവൃത്തിക്കും സംയുക്ത ബാങ്ക് അക്കൗണ്ട് ,പാൻകാർഡ് എന്നിവ ആരംഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായില്ല. കൂലി, മെറ്റീരിയൽസ് തുടങ്ങിയ ചെലവുകളൊന്നും ഇത്തരത്തിലുള്ള അക്കൗണ്ടിലൂടെ നടത്തിയതായി കാണുന്നില്ല.വരവ് ചെലവു കണക്കുകൾ ,പർച്ചേസ് ബില്ലുകൾ എന്നിവ നിർവ്വഹണോദ്യോഗസ്ഥൻ സൂക്ഷ്മ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.
നിർവ്വഹണം നടത്തിയ 56 ടെണ്ടർ പ്രവർത്തികളിൽ 2 ടെണ്ടറുകൾ മാത്രമാണ് ഓരോ പ്രവർത്തികൾക്കും സമർപ്പിക്കപ്പെടുന്നത് ആയത് റീ ടെണ്ടർ നടപടികൾ നടത്താതെ ടെണ്ടർ അനുവദിക്കുന്നത് ക്രമപ്രകാരമല്ല.

രജിസ്റ്റർ സൂക്ഷിപ്പ് അപാകതകൾ

അസി.എഞ്ചിനീയർ താഴെപ്പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1.എം ബുക്ക് സ്റ്റോക്ക് രജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ ,മൂവ്മെൻറ് രജിസ്റ്റർ

2.ദർഘാസ് ഫോറങ്ങളുടെ രജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ

3.റോഡ് രജിസ്റ്റർ

4.EMD രജിസ്റ്റർ

5.പെർഫോമൻസ് ഗ്യാരൻടി രജിസ്റ്റർ

6.ആസ്തി രജിസ്റ്റർ
7.ടാക്സ് റിക്കവറി രജിസ്റ്റർ
അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്,മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്

## 3-20 കുടിവെള്ള പദ്ധതി (ജനറൽ)-അറ്റകുറ്റപ്പണിക്ക് തുകനൽകിയത് സംബന്ധിച്ച്

| | |
|---|---|
| പ്രൊജക്ട് നം-43/18 , 131/17<br>ആനക്കെഴവൻപ്പടി കുടിവെള്ള പദ്ധതി (ജനറൽ) | അടങ്കൽ -100000/-<br>എംബുക്ക് -5/16-17 |
| കൺവീനർ -എ.കെ സുബൈർ | ബിൽ നം 1/17-18/30.6.2017<br>തുക -87509 / |

1. പദ്ധതിയിൽ നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ (ജനറൽ )റിപ്പയറിനാണ് തുക അനുവദിച്ചിട്ടുള്ളത്

2. രണ്ട് HP മോട്ടോർ അനുബന്ധ സാമഗ്രികൾക്ക് എസ്റ്റിമേറ്റിൽ @18135/നിരക്കിൽ 36270 /-രൂപ ഉൾപ്പെടുത്തിയിട്ടുണ്ട് . (ഐറ്റം -4.എന്നാൽ പർച്ചേസ് ബില്ലിൽ അനുബന്ധ സാമഗ്രികൾ വാങ്ങിയതായി കാണുന്നില്ല

3. പഴയ മോട്ടോർ പഞ്ചായത്തിൽ തിരികെ ഏൽപ്പിച്ചതായി കാണുന്നില്ല.

4. കൺവീനർ ഹാജരാക്കിയ പർച്ചേസ് ബില്ല് പ്രകാരം 19425/-രൂപയാണ് 2 HP മോട്ടോറിൻെറ വിലയായി ചേർത്തിട്ടുള്ളത് (മാർക്കറ്റ് റേറ്റ് അനുവദിക്കുന്ന ഐറ്റങ്ങൾക്ക് ബിൽ തുക എസ്റ്റിമേറ്റിലേതിനേക്കാൾ കുറവ് ആണെങ്കിൽ ആയത് മാത്രമേ അനുവദനീയമായിട്ടുള്ളൂ .)എന്നാൽ എസ്റ്റിമേറ്റ് നിരക്കായ 36270/-രൂപ അനുവദിച്ചിട്ടുണ്ട് .(36270-19425 =16845/- അധികം ). ബില്ലിൽ വാല്യുവേഷൻ അസി.എൻജിനിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. മോണിട്ടറിങ് റിപ്പോർട്ട് ഫയലിൽ ഇല്ല.

അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കാൻ മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 27500 | നെൽകൃഷി വികസനം 108/17-18 | 27500 | 0 |
| | 425000 | വികലാംഗസ്കോളർഷിപ്പ് 118/17-18 | 386194 | 38806 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | നെൽകൃഷി വികസനം 108/17-18 | 100000 | 0 |
| | 300000 | മിൽക്ക് സബ്സിഡി 222/17-18 | 300000 | 0 |
| | 123550 | വികലാംഗ സ്കോളർഷിപ്പ് 118/17-18 | 123000 | 550 |

| | | | | |
|---|---|---|---|---|
| | 389200 | കക്കൂസ് നിർമ്മാണം (ODF)(15/18) | 380800 | 8400 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| വാട്ടർഅതോറിറ്റി | സമഗ്ര കുടിവെള്ള പദ്ധതി | 21700755/ 17.03.2018 | 200000 | 0 | പൂർത്തീകരിച്ചില്ല | 200000 |
| കെ.എസ്.ഇ.ബി | സ്ലീറ്റ് മെയിൻ | പ21701039/ 24.3.18 | 350075 | 0 | പൂർത്തീകരിച്ചില്ല | 350075 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് സംബന്ധിച്ച്

ഇല്ല

## 4-4 വായ്പ/വിനിയോഗം

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ

| ക്രമ നം | വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | സർചാർജ്ജ് വിവരം | തുക | ഈടാക്കിയത് | ഈടാക്കാൻ അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| 1 | 2002-03 | 2-7 | നീലകണ്ഠൻ (എച്ച്.സി) | LF-11153/ specialcell 16411/SC5 /2006/7.4.2009 | 5500 | 0 | 5500 | തുടർ നടപടി സ്വീകരിച്ചിട്ടില്ല |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 78018948 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75437117 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1249109 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 10556 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം ) |
| 3-6 | 78345 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) |
| 3-7(1) | 99630 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) |
| 3-8 | 483990 | സെക്രട്ടറി,ശ്രീ.ജിനചന്ദ്രൻ |
| 3-9 | 46180 | ഐ.സി.ഡി.എസ്.സൂപ്പർ വൈസർ ശ്രീമതി.ജിഷ.പി. |
| 3-12 | 430408 | സെക്രട്ടറി,ശ്രീ.ജിനചന്ദ്രൻ |
| 3-13 | 100000 | സെക്രട്ടറി,ശ്രീ.ജിനചന്ദ്രൻ |
| ആകെ | 1249109 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക-3-2 തുക -4147/- (ആദായ നികുതി ) -സെക്രട്ടറി,ശ്രീ ,ജിനചന്ദ്രൻ

ഖണ്ഡിക-3-2 തുക -4147/-(നിർമ്മാണ തൊഴിലാളി ക്ഷേമനിധി ) -സെക്രട്ടറി,ശ്രീ ,ജിനചന്ദ്രൻ

ഖണ്ഡിക-3-10 തുക -102341/- -അസി.എൻജിനിയർ,ശ്രീ.രാജൻ

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99<br>199-00 | എൽ.എഫ്.എം.6/1392/04<br>തിയ്യതി:14.02.2011 | 29 |
| 2000-01<br>2001-02 | എൽ.എഫ്.എം.6/811/04<br>തിയ്യതി: 17.11.2004 | 08 |
| 1998-99 | എൽ.എഫ്.എം.6/1617/06<br>തിയ്യതി: 14.02.2011 | 09 |
| 1999-00 | എൽ.എഫ്.എം.6/1618/06<br>തിയ്യതി: 14.02.2011 | 05 |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| | | |
| 2000-01 | എൽ.എഫ്.എം.6/1619 /06 തിയ്യതി:14.02.2011 | 03 |
| 2001-02 | എൽ.എഫ്.എം.6/1681/06 തിയ്യതി: 14.02.2011 | 09 |
| 2002-03 | എൽ.എഫ്.എം.6/1837/04 തിയ്യതി: 14.02.2011 | 15 |
| 2003-04 | എൽ.എഫ്.എം.6/1832/04 തിയ്യതി:14.02.2011 | 22 |
| 2004-05 | എൽ.എഫ്.എം.6/94/07 തിയ്യതി: 14.02.2011 | 30 |
| 2005-06 | എൽ.എഫ്.എം.6/269/09 തിയ്യതി: 08.10.2009 | 23 |
| 2006-07 | എൽ.എഫ്.എം.5/195 /14-തിയ്യതി:01.07.2014 | 28 |
| 2007-08 | എൽ.എഫ്.എം.5/3338/14 തിയ്യതി: 10.12.2014 | 20 |
| 2008-09 2009-10 2010-11 | എൽ.എഫ്.എം.5/2129A/12 തിയ്യതി: 24.09.2012 | 28 |
| 2011-12 & 2012-13 | എൽ.എഫ്.എം.5/2225/14 തിയ്യതി: 05.12.2014 | 16 |
| 2013-14 &2014-15 | കെ.എസ്.എ.എം.പി.എം5/1623/16 തിയ്യതി: 25.07.2016 | 21 |
| 2015-16 | കെ.എസ്.എ.എം.പി.എം 5/3310 /16തിയ്യതി:07.01.17 | 18 |
| 2016-17 | കെ.എസ്.എ.എം.പി.എം (5)/1423/17 തിയ്യതി:11.07.17 | 10 |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം--1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

എം.എം പി .എ. എസ്. കെ -(5)/1255/2018

കേരളസംസ്ഥാനഓഡിറ്റ് വകുപ്പ്
കാര്യാലയം, മലപ്പുറംജില്ലാ ഓഡിറ്റ്
തീയതി -04.07.2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം -വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ട് കംപ്ട്രോളർ അന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22-05-2018ലെ (സാധാ) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം